
മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

# ഓർത്തഡോക്സ് യുവജനം

വാല്യം 16
ലക്കം 4
ത്രൈമാസിക



## മരണത്തെ ജയിച്ച ഉയിർപ്പ്: പ്രത്യാശയുടെ നിത്യദീപം

M3 INTERNATIONAL
“നാളെയും നിർമ്മിക്കുന്നത്”

M3 INTERNATIONAL
PRIVATE LIMITED

Construction Management | Villa Construction | Church Construction
Building & Construction Services | Interior & Exterior
Architectural | Design | Land Surveying & Analysis
Cost Estimation & Budgeting | Comprehensive Project
Oversight | Strategic Planning & Coordination

For more details
+91 830 1844 445 - www.m3international.in

# ഓർത്തഡോക്സ് യുവജനം
## ത്രൈമാസിക

ഓർത്തഡോക്സ് യുവജനപ്രസ്ഥാനം
പ്രസിദ്ധീകരണം

വാല്യം 16 ലക്കം 04


## താളുകളിലൂടെ......


**പ്രസിഡന്റിന്റെ സന്ദേശം**
ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ

**എഡിറ്റോറിയൽ**

**ജനറൽ സെക്രട്ടറിയുടെ കത്ത്**

**റീൽ ലൈഫ് Vs റിയൽ ലൈഫ്**
മാത്യുസ് മാർ സെറാഫീം മെത്രാപ്പോലീത്താ

**പുനരുത്ഥാനം: നൂതന സ്യഷ്ടിയുടെ ദിവ്യപ്രകാശം**
വെരി റവ. ബെസലേൽ റമ്പാൻ


**പുനരുദ്ധാനത്തിന്റെ പ്രത്യാശ സമകാലിക പ്രതിസന്ധികൾക്കുള്ള പ്രതിവിധി**
ഫാ. ഡോ. സണ്ണി ചാക്കോ, കുന്നംകുളം

**അഷ്ട രാഗങ്ങളിലെ സൗഖ്യ പരിവേഷം**
ഫാ. ലിജോ തൂക്കനാൽ

**ഉത്ഥാനത്തിന്റെ സുഗന്ധവാഹികൾ**
ജിഷ മറിയം ജോർജ്

**സുറിയാനി ഭാഷ പരിചയം**
ഫാ.ലാസറസ് തോമസ്

**രക്ഷകർത്തൃ മർമ്മവും ധാർമിക സംഹിതകളും: ബൈബിൾ പശ്ചാത്തലത്തിൽ**
ഫാ.ബെഞ്ചമിൻ OIC



**എഡിറ്റോറിയൽ ബോർഡ്**

പ്രസിഡന്റ്
ഡോ.ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത

വൈസ് പ്രസിഡന്റ്
ഫാ. ജെയിൻ സി. മാത്യു

ജനറൽ സെക്രട്ടറി
ഫാ. വിജു ഏലിയാസ്

ട്രഷറാർ
രെഞ്ചു എം. ജോയി

എഡിറ്റർ
ഫാ.ലൂക്ക് ബാബു

പബ്ലിഷർ
റോബിൻ ജോ വർഗീസ്

ബോർഡ് അംഗങ്ങൾ
അനീഷ് ജേക്കബ് തയ്യിൽ
ഗീവിസ് മർക്കോസ്



വിലാസം

ഓർത്തഡോക്സ് യുവജനം
സെന്റ് തോമസ് ഭവൻ,
ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയ സെമിനാരി റോഡ്
ചുങ്കം, കോട്ടയം-1

Phone : 0481 2583997
e-mail : orthodoxyuvajanam1936@gmail.com
facebook : ocymmediawing
e-reading : www.ocymonline.org




printed at : peediakkal thiruvalla. ph. 94958 37117



# പ്രസിഡന്റിന്റെ സന്ദേശം...

## നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം

(വി. യോഹന്നാൻ 13.34)



**ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ**

*(പ്രസിഡണ്ട്, ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം)*

പ്രിയ വിശ്വാസ സമൂഹമേ,

നമ്മുടെ ജീവിതത്തിൽ ഒരിക്കൽ കൂടെ രക്ഷകനായ യേശുക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെയും മരണത്തിന്റെയും കബറടക്കത്തിന്റെയും അനുഭവം ധ്യാനിക്കുവാനും അവന്റെ മഹത്വകരമായ പുനരുത്ഥാനപെരുന്നാളിലേയ്ക്ക് കടന്നുവന്ന് ആ സുവാർത്ത ശ്രവിക്കുവാനും അവസരം ലഭിക്കുകയാണല്ലോ. 'പ്രിയ സഹോദരങ്ങളേ, രക്ഷകനായ ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേറ്റിരിക്കുന്നു' എന്ന് നമ്മുടെ ഇടവകയിൽ പുരോഹിതൻ പ്രഖ്യാപിച്ചു പറയുമ്പോൾ "അവൻ സത്യമായും ഉയിർത്തെഴുന്നേറ്റുവെന്ന് ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു" എന്ന് പ്രതിവാക്യം പറഞ്ഞ് കുരിശു വരച്ച് ഉയിർപ്പിനെ സ്വീകരിക്കുവാനും പുനരുത്ഥാനത്തിന്റെ ശക്തി പ്രാപിക്കുവാനും ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

മരണം അവസാനമല്ല; നിത്യജീവനിലേയ്ക്കുള്ള രൂപാന്തരത്തിന്റെ അടയാളമാണ് എന്ന് ക്രിസ്തു പഠിപ്പിക്കുന്നു. "ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ലെങ്കിൽ അത് തനിയെ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും" (വി.യോഹന്നാൻ 12.24) എന്ന് പഠിപ്പിച്ച കർത്താവ് തന്റെ ഇഹലോക ജീവിതത്തിൽ അത് പ്രാവർത്തികമാക്കി. തന്റെ ശരീരം നമുക്ക് നിത്യജീവന്റെ അപ്പവും തന്റെ രക്തം പാനീയവുമായി അവൻ മനുഷ്യകുലത്തിന് നൽകുന്നു. വിശ്വസിച്ച് അത് സ്വീകരിക്കുന്നവർ പാപത്തോട് മരിച്ച് അടക്കപ്പെട്ട് തന്നോടൊപ്പം നിത്യതയിലേയ്ക്ക് ഉയിർക്കപ്പെടുന്നു. 'എന്റെ ശരീരം ഭക്ഷിക്കുന്നവൻ എന്നിലും, ഞാൻ അവനിലും വസിക്കുന്നു"വെന്നും പിന്നെ അവനിൽ മരണമില്ല; കാരണം താൻ മരണത്തെ ജയിച്ചിരിക്കുന്നുവെന്നും അവൻ ജീവിതം കൊണ്ട് സമർത്ഥിച്ചു.

കൊല്ലുന്നവൻ ദൈവമല്ല; മറ്റുള്ളവർക്കുവേണ്ടി കൊല്ലപ്പെടുന്നവനാണ് ദൈവം എന്ന തത്വമാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം. ക്രിസ്തു സ്വയപരിത്യാഗിയാണ്. അതുകൊണ്ടു തന്നെ നമ്മുടെ അഹന്തയെ കൊന്ന് അവനിൽ എത്തുമ്പോൾ നാം ജീവനെ പ്രാപിക്കുന്നു. മിണ്ടാപ്രാണികളുടെ ബലിയല്ല, അത് പാപമാണ്; മറിച്ച് നീ തന്നെയാണ് മറ്റുള്ളവർക്കുവേണ്ടി കൊല്ലപ്പെടേണ്ടത് എന്നതാണ് ക്രിസ്തു തത്വം. അതിന്റെ നേർകാഴ്ചയാണ് അവന്റെ ക്രൂശിൽ നാം കണ്ടത്.

അഹിംസയും സ്വയപരിത്യാഗവും പൗരസ്ത്യ മതങ്ങളുടെയെല്ലാം അടിസ്ഥാന പ്രമാണമാണ്. ശ്രീബുദ്ധന്റെ പഠിപ്പിക്കലുകളുടെ ആകെത്തുകയും അതാണ്. ദൈവത്തെക്കുറിച്ച് അറിഞ്ഞുകൂടാ, എന്റെ പ്രശ്നം ദൈവമല്ല; മനുഷ്യനും അവന്റെ ദുഃഖവുമാണ് എന്ന് പഠിപ്പിച്ച ബുദ്ധൻ മനുഷ്യന്റെ ദുഃഖകാരണം ദാരിദ്ര്യം, രോഗം, വാർദ്ധക്യം, മരണം എന്നിവയാണെന്നും ആയതിനെ മാനസികമായി മറികടക്കുവാൻ അഷ്ടാംഗമാർഗ്ഗവും പഠിപ്പിച്ചു. ദൈവത്തെയും ആത്മാവിനെയും തനിക്ക് അറിയില്ലാ എന്നോ അഥവാ തന്നിൽ അവയില്ലാ എന്നോ ഒക്കെയായിരുന്നു അദ്ദേഹത്തിന്റെ ദർശനം. 'ഇല്ല', 'അല്ല' അറിയില്ല എന്നൊക്കെയുള്ള നാസ്തിക ദർശനം ആയിരുന്നു അത്.

എന്നാൽ 'ഉണ്ട്' എന്ന് കർത്താവ് പഠിപ്പിച്ചു; ദൈവം സ്നേഹമാണ്, സ്നേഹത്തിൽ വസിക്കുന്നവൻ

ദൈവത്തിൽ വസിക്കുന്നുവെന്ന ജ്ഞാനം നൽകുക മാത്രമല്ല, സ്നേഹത്തിന്റെ മൂർത്തിമദ്ഭാവം ദൈവത്തിന്റെ സജീവ സാന്നിദ്ധ്യമാണ് എന്നും പഠിപ്പിച്ചു. അതുകൊണ്ടു തന്നെ എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നുവെന്നും ഞാനും പിതാവും ഒന്നാകുന്നുവെന്നും നിങ്ങൾക്കും എന്നിൽ പിതാവാം ദൈവത്തെ കാണുകയും അവനിൽ വസിക്കുകയും ചെയ്യാമെന്ന അത്യധികം ക്രിയാത്മകമായ ഒരു ദൈവദർശനം ലോകത്തിന് നൽകി. നാസ്തികതയ്ക്കു പകരം ആസ്തിക ദർശനം പഠിപ്പിച്ച് ഞാനും പിതാവും ഒന്നാകുന്നുവെന്ന് പ്രഖ്യാപിച്ചു.

കൊല്ലരുത് എന്ന് മാത്രമല്ല, ഉപാധികളില്ലാതെ സ്നേഹിക്കണം എന്ന് ഉള്ള പുതിയനിയമം ലോകത്തിനു നൽകി. കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്ന പഴയനിയമ നീതിബോധത്തിനു പകരം ക്ഷമ, സഹനം, ത്യാഗം എന്നിങ്ങനെ പുതിയ നിയമം അവനിൽ തന്നിൽ അവതരിപ്പിച്ചു. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നു മാത്രമല്ല; തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ മാത്രമേ നിങ്ങൾക്ക് എന്റെ ശിഷ്യത്വം ലഭിക്കുകയുള്ളു എന്നു കല്പിച്ചു. സ്നേഹത്തിന്റെ പൂർണ്ണതയിൽ ഭയം ഇല്ലാതാവുകയും സമാധാനം അനുഭവപ്പെടുകയും ചെയ്യുന്നു. ഉത്ഥിതനായ കർത്താവ് ശിഷ്യഗണത്തെ സന്ദർശിക്കുമ്പോഴെല്ലാം അവരോട് പറയുന്നത് 'ഭയപ്പെടേണ്ട' എന്നും 'നിങ്ങൾക്ക് സമാധാനം' എന്നുമാണെന്ന് പ്രത്യേകം ഓർക്കണം. അങ്ങിനെ സ്നേഹപൂർണ്ണതയിൽ നിർഭയത്വവും സമാധാനവും ഒന്നിക്കുമ്പോൾ അവിടെ സന്തോഷം ഉണ്ടാകുന്നു. അന്ധകാരം പൂർണ്ണമായി മാറ്റപ്പെട്ട് പ്രകാശം പരക്കുന്നു. അതുകൊണ്ട് കർത്താവിന്റെ പുനരുത്ഥാനപെരുന്നാളിനെ സന്തോഷത്തിന്റെ പെരുന്നാളെന്നും പ്രകാശത്തിന്റെ പെരുന്നാളെന്നുമൊക്കെ പിതാക്കന്മാർ പര്യായപദങ്ങളിലൂടെ വിവക്ഷിക്കുന്നുണ്ട്.

"പാപാന്ധകാരത്തിൽ നിന്നും ഞങ്ങളെ ഉയർത്തി ശോഭിപ്പിച്ച നീതിയുടെ പ്രശോഭിത നക്ഷത്രമേ, സമാധാനത്തോടെ വരിക" എന്നും മനുഷ്യജാതിയെ പ്രസന്നമാക്കി സൃഷ്ടി കൂട്ടിച്ചേർത്ത സന്തോഷദിവസമേ, സ്വാഗതമെന്നുമൊക്കെയാണ് പുനരുത്ഥാനകാലത്ത് ഏറെ ആവർത്തിക്കപ്പെടുന്ന പ്രാർത്ഥനകളിൽ നാം കാണുന്നത്. കാരണം: മരണം, അന്ധകാരം, പാതാളം, പിശാച് തുടങ്ങിയ എല്ലാ ശക്തികളും ക്രിസ്തുവിന്റെ മരണത്തിൽ കൊല്ലപ്പെടുകയാണ്. പകരം നിത്യത, പ്രകാശം, സ്വർഗ്ഗം, നന്മ എന്നിങ്ങനെ ക്രിയാത്മകശക്തികളാണ് ഉയിർക്കപ്പെടുന്നത്. തന്റെ പാതാള പ്രവേശനത്താൽ പാതാളക്കോട്ട തകർത്ത് ആദാം മുതലുള്ള സകലരെയും അവൻ പുനരുത്ഥാനത്തിലേയ്ക്ക് ക്ഷണിക്കുന്നു.

കുടിലങ്ങളും മാനുഷിക നീതിബോധങ്ങളിൽ നിന്നും കാലാകാലങ്ങളായി ഉരുത്തിരിഞ്ഞ് വന്ന് മനുഷ്യകുലത്തെ നീതിരഹിതങ്ങളായ നിയമചങ്ങലകളാൽ ബന്ധിച്ചിരുന്നതുമായ അവസ്ഥയിൽ നിന്നും പുനരുത്ഥാനത്തിന്റെ അനിർവചനീയ ശക്തി നമ്മെ മോചിപ്പിക്കുകയാണ്. ഇനി അവൻ ദാസനോ അടിമയോ അല്ല; മറിച്ച് സ്നേഹിതനും സ്വതന്ത്രനും ദൈവത്വത്തിന് കൂട്ടവകാശിയുമാണ് എന്ന് ഉത്ഥിതൻ പഠിപ്പിക്കുന്നു.

"എന്റെ വി. പർവ്വതമായ സീയോനിൽ ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു. ... നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു. ആകയാൽ ബഹുമാനത്തോടെ യഹോവയെ സേവിപ്പിൻ; അവന്റെ ഉപദേശം കൈക്കൊൾവീൻ. അവൻ കോപിച്ചിട്ടു നിങ്ങൾ വഴിയിൽ വച്ചു നശിക്കാതിരിപ്പാൻ പുത്രനെ ചുംബിപ്പിൻ" എന്ന സങ്കീർത്തന പ്രവചനം (സങ്കീ.2) നിറവേറിയിരിക്കുന്ന അനുഭവമാണ് പുനരുത്ഥാനം. ഈ വലിയ പെരുന്നാളിൽ അവന്റെ സ്ലീബായെ ചുംബിക്കുമ്പോൾ പുനരുത്ഥാനത്തിന്റെ ആ മഹാശക്തി നമ്മിലേയ്ക്കും പ്രവഹിപ്പിക്കപ്പെടുകയാണ്.

സ്വർഗ്ഗവും ഭൂമിയും ഒന്നാകുന്ന സുദിനമായാണ് പ.പിതാക്കന്മാർ ഈ ദിവസത്തെ കാണുന്നത്. യാക്കോബ് ദർശനത്തിൽ കണ്ട ഗോവണി കർത്താവ് ആയിരുന്നുവെന്നും അവനിൽ സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ശത്രുത പൂർണ്ണമായും ഇല്ലായ്മ ചെയ്യപ്പെട്ട് സർവ്വ പ്രപഞ്ചവും ഒന്നായി തീരുന്നുവെന്നും പ്രാർത്ഥനകളിൽ കാണുന്നു.

പുനരുത്ഥാന പെരുന്നാളിന് ശേഷമുള്ള ആദ്യ ആഴ്ചയിലെ എല്ലാ ദിവസങ്ങളും പുനരുത്ഥാന പെരുന്നാളായി ആഘോഷിക്കപ്പെടണമെന്നും പെരുന്നാൾ ക്രമത്തിൽ വി.കുർബ്ബാന അർപ്പിക്കണമെന്നും പഠിപ്പിക്കുന്ന പിതാക്കന്മാർ ഈ ആഴ്ചയെ 'പ്രകാശദിനങ്ങൾ' (ഹേവോറോ ആഴ്ച) എന്നാണ് വിളിക്കുന്നത്. തുടർന്ന് വി. പെന്തിക്കുസ്തി പെരുന്നാൾ വരെയുള്ള 50 ദിവസങ്ങളും പെരുന്നാൾ ദിനങ്ങളാണ്. ഈ ദിവസങ്ങളിൽ നോമ്പും കുമ്പിട്ടുള്ള പ്രാർത്ഥനയും ഇല്ല എന്നും പിതാക്കന്മാർ നിഷ്കർഷിക്കുന്നു.

എത്ര പറഞ്ഞാലും എഴുതിയാലും മതിവരാത്തതും ഏതൊരു വ്യാഖ്യാതാവിനും വാക്കുകൾ തികയാതെ വരുന്നതുമായ ഒട്ടേറെ അനുഭവങ്ങൾ ഈ പെരുന്നാൾ ദിവസങ്ങളിൽ അന്തർലീനമാണ്. അവ ആത്മഭാവത്തിൽ അനുഭവിക്കുവാൻ നമുക്ക് ഇടയാകട്ടെ എന്ന് മാത്രം പ്രാർത്ഥിക്കാം.

ചുരുക്കത്തിൽ നാം ക്രിസ്തുവിൽ പുനരുത്ഥാനം ചെയ്യപ്പെടുമ്പോഴാണ് പുനരുത്ഥാനത്തിന്റെ ആത്മീയ അർത്ഥം നമ്മിൽ വന്നുചേരുന്നത്. അതിനാൽ അവൻ നമ്മുടെ ആത്മാവിലും നാം അവനിലും അവൻ മൂലവും പുനരുത്ഥാനം ചെയ്ത് നന്മയിൽ വളരുവാൻ ഈ പെരുന്നാൾ മുഖാന്തിരമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ ഇടയൻ



# Hope Rises Again

## എഡിറ്റോറിയൽ

**ഫാ. ലൂക്ക് ബാബു** (യൂഥിക)
ചീഫ് എഡിറ്റർ

*മരിച്ചുവെന്നു കരുതിയ ഒരു വിത്ത്*
*മണ്ണിനടിയിൽ നിന്ന് മുളച്ച് ഉയരുമ്പോൾ,*
*അത് നമ്മോട് പറയുന്നത്*
*''അവസാനം എന്നൊന്നില്ല,*
*മാറ്റം മാത്രമേയുള്ളൂ'' എന്ന സത്യമാണ്.*

*ഗലീലി മുതൽ യൂദാ വരെ ജനക്കൂട്ടത്തെ*
*ഇളക്കിമറിച്ച നസ്രായൻ കുരിശിൽ ദാരുണമായി*
*മരിക്കുമെന്ന് ആരും കരുതിയില്ല.....*
*പക്ഷെ, അവൻ മരിച്ചു.*

*മരണത്തിന്റെ അഗാധതയിൽ നിന്ന് നിശബ്ദമായി*
*അവൻ ഉയിർത്തെഴുന്നേൽക്കുമെന്നും*
*ആരും  കരുതിയിരുന്നില്ല...*
*പക്ഷെ , അവൻ ഉയിർത്തെഴുന്നേറ്റു.*


*ഒരു കുരിശിൽ അവനെ തീർക്കാമെന്നും*
*ഒരു കല്ലറയിൽ അവനെ ഒതുക്കാമെന്നും അവർ കരുതി....*
*പക്ഷെ അവൻ സത്യമായും ഉയർത്തെഴുന്നേറ്റു.*


*പതിച്ചുപോയ സ്വപ്നങ്ങൾ*
*വീണ്ടും ഉയിർത്തെഴുന്നേൽക്കുമ്പോൾ ...*
*നഷ്ടപ്പെട്ട പ്രതീക്ഷകൾ വീണ്ടും മുളച്ചുയരുമ്പോൾ...,*
*മനസ്സിന്റെ ശൂന്യതയിൽ ഒരു പുതുജീവൻ പകരുമ്പോൾ...,*
*അവിടെയാണ് പുനരുത്ഥാനത്തിന്റെ പ്രത്യാശ തെളിവാക്കുന്നത് .*

*അതുകൊണ്ട്, ജീവിതം എത്ര തകർന്നാലും വീണ്ടും*
*ഉയിർത്തെഴുന്നേൽക്കാം എന്ന ആത്മബോധം നമ്മളിലുണ്ടാകണം.*
*ഓരോ ഇരുട്ടിനും പിന്നാലെ ഒരു പ്രഭാതമുണ്ട്,*
*ഓരോ ശവകുടീരത്തിനും പിന്നാലെ ഒരു പുനരുത്ഥാനമുണ്ട്.*

*'കൂരിരുട്ട് ജനതകളെ മൂടിയാലും കർത്താവ് ഉദിക്കുമ്പോൾ*
*കർത്താവിന്റെ മഹത്വം ജനതകളിൽ പ്രകടമാകും'*
*എന്ന് ഏശയ്യാ പ്രവാചകൻ ഓർമിപ്പക്കുന്നുണ്ട്.*

***ഉത്ഥാനപ്പെരുനാൾ നന്മകൾ നേരുന്നു***





### ജനറൽ സെക്രട്ടറിയിൽ നിന്ന് ....

# ഉയിർപ്പ് നൽകുന്ന ധൈര്യം

**ഫാ. വിജു ഏലിയാസ്**



ക്രിസ്തുവിന്റെ ഉയിർപ്പ് നൽകുന്ന ധൈര്യം നിസാരമല്ല. മരണഭയം അലട്ടിയിരുന്ന ശിഷ്യസമൂഹത്തിന് മരണത്തെ ധീരതയോടെ പുൽകുവാനുള്ള ആവേശം പ്രദാനം ചെയ്ത ഉയിർപ്പ് സമാനതകളില്ലാത്തതാണ്. മനുഷ്യസമൂഹത്തെ ഭീരുത്വത്തിന്റെ തടവറയിൽ ആക്കുന്ന ഒരു വലിയ യാഥാർത്ഥ്യം ഈ ലോക ജീവിതത്തിന്റെ അന്ത്യത്തെക്കുറിച്ചുള്ള വലിയ ആശങ്കയാണ്. ഈ ലോകവും അതിലെ വിഭവങ്ങളും അതിന്റെ ഉപഭോഗവും ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി നീതിപൂർവം വിനിയോഗിക്കാൻ നമുക്ക് അനുവാദവും അവകാശവും ഉണ്ട് എന്ന് വരികിലും അതിനെ പിരിയുവാനുള്ള നിസംഗത ക്രിസ്തുവിന്റെ ഉയിർപ്പ് നിർവീര്യമാക്കി. ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം നിങ്ങളുടെ വിശ്വാസവും വ്യർത്ഥം എന്ന് പൗലോസ് അപ്പോസ്തോലൻ പറയുന്നത് ക്രിസ്തുവിന്റെ ഉയിർപ്പിനെക്കുറിച്ചുള്ള ആധികാരികതയെ അടിവരയിടുന്നതാണ്. എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആണ് എന്നു പറയുന്നതിലൂടെ ക്രിസ്തുവിലുള്ള പുനരുത്ഥാന പ്രത്യാശയിൽ സമ്പൂർണമായി അഭിരമിക്കുകയാണ്. ക്രിസ്തുവിന്റെ ഉയിർപ്പാണ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം. അന്ധകാരമയമായ ലോകക്രമം ലാഭമാണ് എന്ന് കരുതുന്ന ഒരു തലമുറ ഇന്നിന്റെ യഥാർത്ഥ്യമാണ്. അവിടെ ക്രിസ്തുവിന്റെ ഉയിർപ്പ് നൽകുന്ന പ്രതീക്ഷ വളരെ വലുതാണ്. അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് വഴികാണിക്കുന്നവരുടെ പിൻബലമാണ് ക്രിസ്തുവിന്റെ രക്ഷാകരമായ പുനരുത്ഥാനം. ഉത്ഥിതനായ ക്രിസ്തു ഒരുക്കുന്ന പ്രാതലിന്റെ ലാവണ്യം എത്ര മനോഹരമാണ്. അത് നൽകുന്ന സ്വാതന്ത്ര്യം അനിർവചനീയമാണ്. ലോകത്തിന്റെ സന്ധിബന്ധങ്ങളിൽ നിന്നുള്ള വിച്ഛേദനം ക്രിസ്തുവിന്റെ ഉയിർപ്പിലൂടെ സാധ്യമാകുന്നു. പ്രതീക്ഷ നഷ്ടപ്പെട്ടവരും, പീഡസഹിക്കുന്നവരും, നീതി നിമിത്തം പീഡയേൽക്കുന്നവർക്കും പുതുചൈതന്യം പ്രദാനം ചെയ്യുന്നതാണ് കർത്താവിന്റെ ഉയിർപ്പ്. മരണം ഒരാളുടെ അവസാനമാണ് എന്ന് ചിന്തിച്ചിരുന്ന മനുഷ്യർക്ക് ക്രിസ്തുവുന്റെ ഉയിർപ്പ് നൽകുന്ന ഉണർവ് വാക്കുകൾക്കും വർണ്ണനകൾക്കും അതീതമാണ്.

മദ്യവും മയക്കുമരുന്നും മനുഷ്യന്റെ ജീവിതം ആനന്ദദായകമാക്കുന്ന ഈ ലോകക്രമത്തിൽ ക്രിസ്തുവിന്റെ ഉയിർപ്പ് നൽകുന്ന ലഹരി തുലനം ചെയ്യുവാൻ പറ്റാത്തതാണ്. ആ പുനരുത്ഥാന ലഹരിയിൽ ആനന്ദിക്കുവാനാണ് സഭ നമ്മെ മാടിവിളിക്കുന്നത്. ആ ലഹരി ശാശ്വതമായതാണ്. ആ ലഹരിയിലേക്ക് വരുന്നവർക്ക് നാശത്തെ അഭിമുഖീകരിക്കേണ്ടി വരികയില്ല എന്ന യാഥാർത്ഥ്യം സമൂഹത്തിൽ വ്യാപാരിപ്പിക്കുവാനുള്ള വലിയ ദൗത്യമാണ് നമുക്കുള്ളത്.

**ഉയിർപ്പ് പെരുന്നാൾ ആശംസകൾ**

**അഖില മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം 92-ാം രാജ്യാന്തര സമ്മേളനം**
**തുമ്പമൺ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ വച്ച്**
**2026 മെയ് 15, 16, 17 വെള്ളി, ശനി, ഞായർ തിയതികളിൽ നടക്കും.**
**എല്ലാ ഭദ്രാസനങ്ങളിൽ നിന്നും പ്രതിനിധികളെ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കണം.**

**എല്ലാ പ്രസ്ഥാന അംഗങ്ങളും തങ്ങളുടെ വരുമാനത്തിന്റെ ഒരുപങ്ക് ദശംശം കേന്ദ്രത്തിലേക്കുനൽകണം**

**കഷ്ടാനുഭവ ആഴ്ചയിലേക്ക് പ്രവേശിക്കുകയാണ്. ദുഃഖവെള്ളിയാഴ്ച ജാഗരണം എല്ലാ യൂണിറ്റുകളും നടത്തണം**




# റീൽ ലൈഫ് vs റിയൽ ലൈഫ്



**മാത്യുസ് മാർ സെറാഫീം മെത്രാപ്പോലീത്താ**
മാർത്തോമ്മ സഭ
ഹെർമ്മോൻ അരമന, അടൂർ

നമ്മൾ റീൽസുകളുടെ കാലത്താണ് ജീവിക്കുന്നത്. മനോഹരമായ യാത്രകൾ, എപ്പോഴും ചിരിക്കുന്ന മുഖങ്ങൾ, വിജയഗാഥകൾ, ആവേശകരമായ നിമിഷങ്ങൾ... ഓരോ ദിവസവും ഫോണിലൂടെ വിരലോടിക്കുമ്പോൾ നമ്മൾ കാണുന്നത് ഇത്തരം ഹ്രസ്വ വീഡിയോകളാണ്. ഏതാനും സെക്കൻഡുകൾക്കുള്ളിൽ ഒരാളുടെ ജീവിതം എത്രമാത്രം സുന്ദരവും പൂർണ്ണവുമാണെന്ന് നമുക്ക് തോന്നിപ്പോകും. എന്നാൽ നമ്മൾ സ്വയം ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്: ഇതാണോ യഥാർത്ഥ ജീവിതം? സോഷ്യൽ മീഡിയയിൽ നമ്മൾ കാണുന്നതിൽ ഭൂരിഭാഗവും റീൽ ലൈഫ് ആണ്. അതായത്, ശ്രദ്ധാപൂർവ്വം തിരഞ്ഞെടുക്കപ്പെട്ടതും എഡിറ്റ് ചെയ്തതും ഫിൽട്ടറുകൾ ചേർത്തതുമായ നിമിഷങ്ങൾ. ആളുകൾ സാധാരണയായി തങ്ങളുടെ സന്തോഷങ്ങളും നേട്ടങ്ങളും മാത്രമാണ് ലോകത്തോട് പങ്കുവെക്കുന്നത്. എന്നാൽ യഥാർത്ഥ ജീവിതത്തിന്റെ വലിയൊരു ഭാഗമായ പോരാട്ടങ്ങളും സംശയങ്ങളും പരാജയങ്ങളും സാധാരണ ദിവസങ്ങളും ആരും അധികം പുറത്തു കാണിക്കാറില്ല. നിരന്തരം ഇത്തരം റീലുകൾ കാണുന്നത്, മറ്റുള്ളവരെല്ലാം നമ്മളെക്കാൾ മികച്ച ജീവിതമാണ് നയിക്കുന്നത് എന്ന തെറ്റായ ചിന്ത നമ്മിലുണ്ടാക്കാൻ ഇടയാക്കും.

**പുറം കാഴ്ചയും ദൈവത്തിന്റെ കാഴ്ചയും**

കാഴ്ചകൾ പലപ്പോഴും നമ്മെ തെറ്റിദ്ധരിപ്പിക്കുമെന്ന് വിശുദ്ധ വേദപുസ്തകം ഓർമ്മിപ്പിക്കുന്നു. 1 ശമൂവേൽ 16:7 – ൽ ഇപ്രകാരം പറയുന്നു: മനുഷ്യൻ പുറമെയുള്ളതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു. ഈ വചനം ഒരു വലിയ സത്യം നമ്മെ പഠിപ്പിക്കുന്നു: നമ്മൾ പുറമെ കാണിക്കുന്നതിനെ നോക്കിയല്ല, മറിച്ച് നമ്മുടെ ഉള്ളിലെ യഥാർത്ഥ വ്യക്തിത്വത്തെ നോക്കിയാണ് ദൈവം നമ്മെ വിലയിരുത്തുന്നത്. സോഷ്യൽ മീഡിയ പുറമെയുള്ള ഭംഗിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, ദൈവം നമ്മുടെ സ്വഭാവത്തിനും വിശ്വാസത്തിനും ഉദ്ദേശ്യശുദ്ധിക്കുമാണ് പ്രാധാന്യം നൽകുന്നത്. റീൽ ലൈഫ് നമ്മെ മറ്റുള്ളവർക്കുവേണ്ടി ജീവിക്കാൻ പ്രേരിപ്പിക്കുന്നു. നമ്മുടെ ജീവിതം എങ്ങനെയുള്ളതാണ് എന്നതിനേക്കാൾ, അത് മറ്റുള്ളവർക്ക് മുന്നിൽ എങ്ങനെ അവതരിപ്പിക്കുന്നു എന്നതിനെക്കുറിച്ച് നമ്മൾ വ്യാകുലപ്പെട്ടേക്കാം. ഓൺലൈനിൽ ഒരു പെർഫെക്റ്റ് ഇമേജ് സൃഷ്ടിക്കാൻ പലരും വലിയ സമ്മർദ്ദമാണ് അനുഭവിക്കുന്നത്. എന്നാൽ വിശുദ്ധ വേദപുസ്തകം കാണിച്ചുതരുന്ന യഥാർത്ഥ ജീവിതം തികച്ചും വ്യത്യസ്തമാണ്. വിശുദ്ധ വേദപുസ്തകത്തിലെ കഥാപാത്രങ്ങളെല്ലാം തന്നെ പോരാട്ടങ്ങളും വീഴ്ചകളും പ്രതിസന്ധികളും നേരിട്ട സാധാരണക്കാരായിരുന്നു. ഉദാഹരണത്തിന്, ദാവീദ് രാജാവ് ദൈവത്തിന് പ്രിയപ്പെട്ടവനായിരുന്നു എങ്കിലും അദ്ദേഹത്തിന് വീഴ്ചകളും പശ്ചാത്താപത്തിന്റെ

നാളുകളും ഉണ്ടായിരുന്നു. യേശുവിന്റെ ഏറ്റവും അടുത്ത ശിഷ്യനായിരുന്ന പത്രോസ് മൂന്ന് വട്ടം ഗുരുവിനെ തള്ളിപ്പറഞ്ഞെങ്കിലും, പിന്നീട് ക്രിസ്തുവിന്റെ കൃപയാൽ ശക്തനായ ഒരു സുവിശേഷകനായി മാറി. അത്തരം പരിപൂർണ്ണരല്ലാത്ത മനുഷ്യരിലൂടെയാണ് ദൈവം പ്രവർത്തിക്കുന്നത് എന്ന് ഈ അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. മനുഷ്യന്റെ ബലഹീനതകളെ വിശുദ്ധ വേദപുസ്തകം ഒളിച്ചുവെക്കുന്നില്ല; പകരം ദൈവത്തിന്റെ കൃപ എങ്ങനെ ഒരു ജീവിതത്തെ മാറ്റിമറിക്കുന്നു എന്നാണ് അത് കാണിച്ചുതരുന്നത്.

**താരതമ്യത്തിന്റെ കെണി**

റീൽ സംസ്കാരത്തിന്റെ മറ്റൊരു അപകടം താരതമ്യമാണ്. മറ്റുള്ളവരുടെ ജീവിതത്തിലെ തിളക്കമുള്ള നിമിഷങ്ങൾ മാത്രം കാണുമ്പോൾ, നമ്മുടെ സാധാരണ ജീവിതത്തെ അവയുമായി നമ്മൾ താരതമ്യം ചെയ്യാൻ തുടങ്ങും. ഇത് നമ്മെ നിരാശപ്പെടുത്താം. എന്നാൽ അപ്പൊസ്തലനായ പൗലോസ് പഠിപ്പിക്കുന്നത് മറ്റൊരു മനോഭാവമാണ്. ഫിലിപ്പിയർ 4:11-12-ൽ പൗലോസ് പറയുന്നു, താൻ ഏത് അവസ്ഥയിലും സംതൃപ്തിയോടെ ഇരിക്കാൻ പഠിച്ചിരിക്കുന്നു എന്ന്. യഥാർത്ഥ സംതൃപ്തി ലഭിക്കുന്നത് ലോകത്തിന് മുന്നിൽ നമ്മൾ പ്രദർശിപ്പിക്കുന്ന കാര്യങ്ങളിൽ നിന്നല്ല, മറിച്ച് ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ നിന്നാണ്. മറ്റുള്ളവരെ കാണിക്കാൻ വേണ്ടിമാത്രം കാര്യങ്ങൾ ചെയ്യുന്നതിനെതിരെ യേശു മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മത്തായി 6:1-ൽ, മനുഷ്യർ കാണേണ്ടതിനായി നീതിപ്രവൃത്തികൾ ചെയ്യരുത് എന്ന് അവിടുന്ന് പഠിപ്പിക്കുന്നു. ഇന്നത്തെ കാലത്ത് ഈ സന്ദേശത്തിന് വലിയ പ്രസക്തിയുണ്ട്. നമ്മുടെ നന്മകളും വിശ്വാസവും വ്യൂസിനും ലൈക്കിനും വേണ്ടിയാകരുത്, മറിച്ച് ഹൃദയപരമാർത്ഥതയോടെ ആയിരിക്കണം.

**ആയുധമാക്കാവുന്ന സാമൂഹ്യമാധ്യമങ്ങൾ**

ഇതൊന്നും സാങ്കേതിക വിദ്യയോ സോഷ്യൽ മീഡിയയോ മോശമാണെന്ന് അർത്ഥമാക്കുന്നില്ല. ഏതൊരു ഉപകരണത്തെയുംപോലെ, അത് നമ്മൾ എങ്ങനെ ഉപയോഗിക്കുന്നു എന്നതിലാണ് കാര്യം. നല്ല സന്ദേശങ്ങൾ പങ്കുവെക്കാനും പ്രത്യാശ പകർന്നുനൽകാനും ദൈവവചനം അറിയിക്കാനും സോഷ്യൽ മീഡിയ മികച്ചൊരു വേദിയാണ്. അനേകം ക്രിസ്തീയ യുവജനങ്ങൾ ഇന്ന് വിശുദ്ധ വേദപുസ്തക വാക്യങ്ങളും സാക്ഷ്യങ്ങളും റീലുകളിലൂടെ പങ്കുവെച്ച് മറ്റുള്ളവർക്ക് പ്രചോദനമാകുന്നുണ്ട്. യഥാർത്ഥ വ്യക്തിത്വവും സന്തുലിതാവസ്ഥയുമാണ് ഇവിടെ പ്രധാനം. ക്രിസ്തുവിനെ അനുഗമിക്കുന്നവർ എന്ന നിലയിൽ ഓൺലൈനിലും ഓഫ് ലൈനിലും ആത്മാർത്ഥതയുള്ള ജീവിതം നയിക്കാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ മൂല്യം നിശ്ചയിക്കേണ്ടത് ഫോളോവേഴ്സോ ലൈക്കുകളോ അല്ല, മറിച്ച് നമ്മൾ ദൈവത്താൽ സ്നേഹിക്കപ്പെടുന്നു എന്ന സത്യമാണ്. കൊലോസ്യർ 3:23 ഓർമ്മിപ്പിക്കുന്നത് പോലെ, നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന് എന്നപോലെ മനസ്സോടെ ചെയ്‌വിൻ. ഇന്ന് നമ്മൾ കാണുന്ന പല ചലഞ്ചുകളും, വൈറൽ ഓഡിയോകളും, ഫാഷനുകളും വെറും കുമിളകൾ പോലെയാണ്. അവ പെട്ടെന്ന് വരുന്നു, എല്ലാവരും അത് അനുകരിക്കുന്നു, എന്നാൽ കുറച്ചു ദിവസങ്ങൾക്കുള്ളിൽ ആളുകൾ അത് മറന്നുപോകുന്നു. വിശുദ്ധ വേദപുസ്തകം ഈ ലോകത്തിന്റെ അവസ്ഥയെക്കുറിച്ച് പറയുന്നത് ശ്രദ്ധേയമാണ്: ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു, ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു. (1 യോഹ.2:17).

**സത്വരശ്രദ്ധ വേണ്ട മേഖലകൾ**:

ട്രെൻഡുകളുടെയും റീലുകളുടെയും ഇന്നത്തെ സംസ്കാരത്തിൽ നാം ഗൗരവമായി കാണേണ്ട ഒരു പ്രധാന വിഷയം അസ്ഥിരത ആണ്. സോപ്പ് കുമിളകൾ പൊട്ടിപ്പോകുന്നതിനുമുമ്പ് ഒരു നിമിഷം മാത്രം നിലനിൽക്കുന്നതുപോലെ, മിക്ക ട്രെൻഡുകളും താൽക്കാലികവും നിരന്തരം മാറിക്കൊണ്ടിരിക്കുന്നതുമാണ്. യുവാക്കൾ ഇത്തരം ട്രെൻഡുകളെ അന്ധമായി പിന്തുടരുമ്പോൾ, സ്വന്തമായൊരു വ്യക്തിത്വവും മൂല്യങ്ങളും രൂപപ്പെടുത്തിയെടുക്കാൻ അവർ പ്രയാസപ്പെടുന്നു. ഇന്ന് പ്രചാരത്തിലുള്ള കാര്യങ്ങളിൽ മാത്രം കെട്ടിപ്പടുക്കുന്ന ഒരു ജീവിതത്തിന് നാളെ പെട്ടെന്ന് ദിശാബോധം നഷ്ടപ്പെട്ടേക്കാം. മറ്റൊരു പ്രധാന പ്രശ്നം പൊള്ളയായ സന്തോഷമാണ്. ഒരു കുമിള പുറമെ നിന്ന് നോക്കുമ്പോൾ വർണ്ണാഭവും ആകർഷകവുമാണെങ്കിലും അതിന്റെ ഉള്ളിൽ ഒന്നുമില്ല. അതുപോലെ തന്നെ, പല ട്രെൻഡുകളും നൽകുന്നത് ഒരു നിമിഷത്തെ ആവേശം മാത്രമാണ്; അവ ആത്മീയമായ വളർച്ചയോ ആഴത്തിലുള്ള അർത്ഥമോ നൽകുന്നില്ല. ഇത്തരം സന്തോഷങ്ങൾ കാഴ്ചകളെ മാത്രം അടിസ്ഥാനമാക്കിയുള്ളവ ആയതുകൊണ്ട് തന്നെ അവ പെട്ടെന്ന് മങ്ങിപ്പോകുന്നു. അതുകൊണ്ട്, യഥാർത്ഥവും എന്നെന്നും നിലനിൽക്കുന്നതുമായ കാര്യങ്ങളെ മുറുകെ പിടിക്കേണ്ടത്

അത്യന്താപേക്ഷിതമാണ്. താൽക്കാലികമായ ആകർഷണങ്ങൾക്ക് പിന്നാലെ ഓടുന്നത് അവ അപ്രത്യക്ഷമാകുമ്പോൾ നമ്മെ ശൂന്യരാക്കിയേക്കാം. എന്നാൽ ശക്തമായ സ്വഭാവത്തിലും വിശ്വാസത്തിലും സത്യത്തിലും വേരൂന്നിയ ഒരു ജീവിതംപാറമേൽ പണിത വീട് പോലെപ്രതിസന്ധികളിലും ഉറച്ചുനിൽക്കും.

**ദൈവഹിതം എന്ന വലിയ യാഥാർത്ഥ്യം**


യഥാർത്ഥ ജീവിതത്തിൽ സന്തോഷവും സങ്കടവും ഉണ്ടാകും. യോഹന്നാൻ 16:33-ൽ യേശു പറഞ്ഞു: ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു. പ്രതിസന്ധികൾ ജീവിതത്തിന്റെ ഭാഗമാണെന്നും എന്നാൽ നമ്മുടെ പ്രത്യാശ ക്രിസ്തുവിലാണെന്നും ഈ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു. റീലുകളുടെ ലോകത്ത് നഷ്ടപ്പെട്ട് പോകാതെ, യഥാർത്ഥ ജീവിതത്തിന്റെ ഭംഗി കണ്ടെത്തുക എന്നതാണ് ഇന്നത്തെ യുവജനങ്ങൾ നേരിടുന്ന വെല്ലുവിളി. യഥാർത്ഥ സൗഹൃദങ്ങൾക്കും വിശ്വാസത്തിനും സേവനത്തിനും പകരമാവാൻ ഏതാനും സെക്കൻഡ് നീളുന്ന വീഡിയോകൾക്ക് കഴിയില്ല. ഒരു കൃത്രിമ ഇമേജ് നിർമ്മിക്കുന്നതിന് പകരം, സത്യത്തിലും സ്നേഹത്തിലും വേരൂന്നിയ അർത്ഥവത്തായ ഒരു ജീവിതം കെട്ടിപ്പടുക്കാൻ നമുക്ക് ശ്രദ്ധിക്കാം. ഓർക്കുക, റീലുകൾ ഏതാനും സെക്കൻഡുകൾ കൊണ്ട് അവസാനിക്കും. എന്നാൽ യഥാർത്ഥ ജീവിതം ദൈവം നമ്മിലൂടെ പൂർത്തീകരിക്കാനാഗ്രഹിക്കുന്ന ദൈവഹിതം എന്ന വലിയ യാഥാർത്ഥ്യമാണ്. പൗലോസ് ശ്ലീഹാ റോമാ സഭയിലെ വിശ്വാസികളോട് ആവശ്യപ്പെടുന്നത് ശ്രദ്ധിക്കുക : സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ. (റോമർ 12:1-2) ആ യാഥാർത്ഥ്യത്തെ എഡിറ്റ് ചെയ്യാനോ ഫിൽട്ടർ ചെയ്യാനോ ആർക്കും കഴിയുന്നതല്ല.

## യുദ്ധം: മോദിക്ക് കത്തയച്ച് ഒ.സി.വൈ.എം

കോട്ടയം : യുദ്ധ സാഹചര്യത്തിൽ ഇന്ത്യക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ ഇടപെടൽ നടത്തണമെന്ന് ആവശ്യപ്പെട്ട് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം (ഒ.സി.വൈ.എം) പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തയച്ചു. ഇടപെടണമെന്ന് ഒ.സി.വൈ.എം. കേന്ദ്ര പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ കത്തിൽ അഭ്യർത്ഥിച്ചു.

ഇന്ത്യൻ എംബസികൾ വഴി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈനുകളും സുരക്ഷാ നിർദ്ദേശങ്ങളും ഉറപ്പാക്കണം. ഇടപെടൽ പ്രതീക്ഷിക്കുന്നതായി വൈസ് പ്രസിഡന്റ് ഫാ. ജെയിൻ സി. മാത്യു, ജനറൽ സെക്രട്ടറി ഫാ. വിജു ഏലിയാസ്, ട്രഷറർ രഞ്ജു എം. ജോയ് എന്നിവർ അറിയിച്ചു.

പ്രവാസി സെല്ലിന്റെ നേതൃത്വത്തിൽ ഹെൽപ് ഡെസ്ക് ആരംഭിച്ചിട്ടുണ്ട്.



*To,*
*Shri Narendra Modi,*
*Honorable Prime Minister of India,*
*South Block, New Delhi.*

*Subject: Request for Urgent Measures to Ensure the Safety of Indian Citizens Amidst the Middle East Conflict.*

*Respected Sir,*

*We are writing to you on behalf of the Orthodox Christian Youth Movement (OCYM) the youth wing of the Malankara Orthodox Syrian Church. We wish to express our deep concern regarding the escalating conflict involving the USA, Israel, and Iran.*

*As the geopolitical situation in the Middle East intensifies, we are extremely worried about the safety and well-being of hundreds of thousands of Indians residing in these regions. This includes a vast number of healthcare professionals, engineers, laborers, and a significant student community who are contributing to both the host nations and the Indian economy.*

*In light of these developments, we humbly request your esteemed office to:*

*1. Strengthen Diplomatic Protection:Direct Indian Embassies in Israel, Iran, and neighboring regions to provide 24/7 assistance and clear safety protocols for Indian nationals.*

*2. Emergency Evacuation Preparedness: Initiate contingency plans for the swift evacuation of Indian citizens should the situation worsen, ensuring that students and workers in high-risk zones are prioritized.*

*3. Regular Communication:Establish a dedicated helpline and provide frequent official updates to alleviate the anxiety of families back home in India.*

*The OCYM stands in solidarity with the Government of India in all efforts to ensure the security of our citizens abroad.*

*We sincerely hope that you being one of the tallest and most respected world leader; and also being someone who shares good relationship with President Trump and Prime Minister Netanyahu, will intervene in this ongoing conflict and urge the leaders to bring it to a halt.*

*We pray for a peaceful resolution to the conflict and trust in your leadership to navigate this crisis.*

*Yours faithfully,*

*(Signature)*



# പുനരുത്ഥാനം
## നൂതന സൃഷ്ടിയുടെ ദിവ്യപ്രകാശം



**വെരി. റവ. ബെസലേൽ റമ്പാൻ**

"Death swallowed Him, but it was itself swallowed by Life."
(ST. EPHREM)

**ആമുഖം**

ഉയിർപ്പ് പെരുന്നാൾ ക്രിസ്തീയ വിശ്വാസത്തിന്റെ ദിവ്യ സത്തയും സത്യവുമാണ്. ക്രൂശിലെ മരണം ദൈവീക പദ്ധതിയുടെ ഭാഗമാണ്: എന്നാൽ ഉയിർപ്പാണ് ആ പദ്ധതിയുടെ വിജയം പ്രഖ്യാപിച്ചത്."അവൻ ഇവിടെ ഇല്ല; അവൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു" (മത്തായി 28:6) എന്ന ദൂതന്റെ വാക്കുകൾ ക്രിസ്തീയ വിശ്വാസത്തിന്റെ ഏറ്റവും വലിയ പ്രഖ്യാപനമാണ്.

സഭാ പിതാവായ Athanasius of Alexandria (വിശുദ്ധ അത്താനാസ്യോസ്) "Christ became man that we might become divine." എന്ന് പഠിപ്പിച്ചു. ഇതിൽ ഉയിർപ്പിന്റെ തത്ത്വചിന്ത (philosophy of resurrection) ഉൾക്കൊള്ളുന്നു. മനുഷ്യന്റെ നശ്വര ഭാവത്തെ ദൈവം അമരത്വത്തിലേക്ക് ഉയർത്തുന്നു.

John Donne ന്റെ വരികൾ ഹൃദ്യമാണ് – 'Death, be not proud, though some have called thee Mighty and dreadful, for thou art not so."ക്രിസ്തുവിന്റെ ഉയിർപ്പ് മരണത്തിന്റെ ദുരഭിമാനത്തെ ഇല്ലാതാക്കുന്ന ദൈവിക ഉത്തരമാണ്.

**ചരിത്രവും സാക്ഷ്യവും**

(Historical Reality and Witness)

ഉയിർപ്പ് ഒരു ആത്മീയ പ്രതീകമാണ്...ചരിത്രത്തിൽ സംഭവിച്ച യാഥാർത്ഥ്യമാണ്. ശൂന്യമായ കല്ലറ, സ്ത്രീകളുടെ സാക്ഷ്യം, ശിഷ്യന്മാർക്കും മറ്റുള്ളവർക്കും പ്രത്യക്ഷപെട്ടത് തുടങ്ങിയവയെല്ലാം ഉയിർപ്പിന്റെ പ്രഥമ സാക്ഷ്യങ്ങളാണ്.

St.John Chrysostom "The Resurrection is the foundation of our hope."എന്ന് സാക്ഷിച്ചു.

ഭയന്നിരുന്ന ശിഷ്യന്മാർ പിന്നീട് ധൈര്യത്തോടെ സുവിശേഷം പ്രസംഗിച്ചതും ഈ അനുഭവത്തിന്റെ ശക്തിയാണ്.

John Milton "Paradise Lost" എന്ന മഹാകാവ്യത്തിൽ മനുഷ്യന്റെ വീഴ്ചയും വീണ്ടെടുപ്പും ചിന്തിക്കുമ്പോൾ

"The world was all before them, where to choose Their place of rest." (മനുഷ്യൻ വീണുപോയാലും ദൈവത്തിന്റെ പദ്ധതിയിൽ പുതിയ തുടക്കത്തിന്റെ വാതിൽ തുറന്നിരിക്കുന്നു.) ഈ പ്രത്യാശയാണ് ഉയിർപ്പിലൂടെ ലഭ്യമാകുന്നത്.

**ക്രൂശും ഉയിർപ്പും : രക്ഷയുടെ ദിവ്യരഹസ്യം**

(The Paschal Mystery: Cross and Resurrection)

ക്രൂശും ഉയിർപ്പും ചേർന്നതാണ് ക്രിസ്തീയ രക്ഷയുടെ ദിവ്യരഹസ്യം. ആധുനിക ദൈവശാസ്ത്രത്തിൽ Paschal Mystery എന്ന് പഠിപ്പിക്കുന്നു. ക്രൂശ്, മരണം, ഉയിർപ്പ് എന്നിവ ചേർന്ന ദൈവിക രക്ഷാസിദ്ധാന്ത (Divine salvation theory) മെന്നർത്ഥം.

St. Gregory of Nyssa
"The Resurrection is the re-creation of humanity."എന്ന് പഠിപ്പിച്ചു. ഇത് പുതിയ സൃഷ്ടിയുടെ (New Creation) ദിവ്യ ഭാവവുമായി ബന്ധപ്പെട്ടതാണ്.

T. S. Eliot ന്റെ "In my end is my beginning." ആശയം ചിന്തനീയമാണ്. ക്രൂശിലെ മരണം ഉയിർപ്പിന്റെ തുടക്കമായി മാറുന്നു എന്ന ദൈവിക സത്യമാണ് ഈ വാക്കുകൾ സൂചിപ്പിക്കുന്നത്.

**ആരാധനാ വിജ്ഞാനീയം**

(The Liturgical views of Resurrection)

സഭയുടെ ആരാധനയിൽ ഉയിർപ്പ് ഒരു ഓർമ്മമാത്രമല്ല, ഒരു ജീവനുള്ള അനുഭവമാണ്. ഞായറാഴ്ച ആരാധന, വിശുദ്ധ കുർബാന, ഈസ്റ്റർ ആഘോഷം ഇവ എല്ലാം ഉയിർപ്പിന്റെ ആനന്ദത്തിൽ നിന്നാണ് ഉദ്ഭവിച്ചത്. പെരുന്നാളുകളും ജീവിത സ്വപ്നങ്ങളുമെല്ലാം ഉയർപ്പിന്റെ ഉത്തേജനമാണ്.

ആരാധനയിൽ ഉയിർപ്പ് ഒരു 'Sacramental Memory" മാത്രമല്ല, മറിച്ച് 'Living Presence" ആകുന്നു. ഓരോ കുർബാനയിലും സഭ ഉയിർത്തെഴുന്നേറ്റ കർത്താവിനെ അനുഭവിക്കുന്നു, അനുസ്മരിക്കുന്നു.

ഉയിർപ്പിന്റെ ശുശ്രൂഷയിൽ ഉയിർപ്പിന്റെ ആഹ്ലാദം ഇങ്ങനെ വിളിച്ചുപറയുന്നു:
‘"Christ is risen from the dead, trampling down death by death."
ഇത് ഉയിർപ്പിനെ ഒരു സംഭവമായി മാത്രം കാണാതെ, ആരാധനയിൽ അനുഭവിക്കുന്ന ദൈവിക സത്യമായി കാണിക്കുന്നു.

**സഭാവിജ്ഞാനീയം**

(The Ecclesiological Dimension)

സഭയുടെ ഉദ്ഭവം തന്നെ ഉയിർപ്പിന്റെ അനുഭവത്തിൽ നിന്നാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സാക്ഷ്യമാണ് സഭയുടെ ആത്മാവും ദൗത്യവും. കർത്താവിന്റെ ഉയിർപ്പിന്റെ സന്തോഷം അനുഭവിച്ചവർ ആ സന്തോഷത്തിനായി മറ്റെല്ലാം വെടിഞ്ഞു.

സഭ ഒരു സ്ഥാപനമല്ല : അത് 'Resurrection Community" ആണ്. അതായത്, ഉയിർപ്പിന്റെ സാക്ഷ്യം വഹിക്കുന്ന സമൂഹം ആണ്.

സഭാപിതാവായ Augustine of Hippo, "We are an Easter people, and Halleluia is our song." അതായത് സഭയുടെ ജീവിതം മുഴുവൻ ഉയിർപ്പിന്റെ സന്തോഷത്തിൽ നിന്നാണ് രൂപം കൊള്ളുന്നത്.

**സാമൂഹ്യ ദർശനം**

(The Sociological Vision)

ഉയിർപ്പ് ആത്മീയ അനുഭവം മാത്രമല്ല; അത് സമൂഹത്തെയും മാറ്റുന്ന ശക്തിയാണ്. നിരാശ, അനീതി, പീഡനം, മരണഭയം, പരാജയഭീതി ആദിയായവയെല്ലാം മറികടക്കാനുള്ള പ്രത്യാശയാണ് ഉയിർപ്പ് നൽകുന്നത്.

ഉയിർപ്പ് ഒരു Transformative Hope ആണ്. മനുഷ്യ സമൂഹത്തെ ആകമാനം പുതുക്കുന്ന പ്രത്യാശയാണിത്.

ക്രിസ്തുവിന്റെ ഉയിർപ്പ് മനുഷ്യചരിത്രത്തിൽ ഒരു moral revolution (ധാർമ്മിക വിപ്ലവം) സൃഷ്ടിച്ചു. സ്നേഹം, ക്ഷമ, സേവനം, കരുണ എന്നിവയെ സമൂഹജീവിതത്തിന്റെ അടിസ്ഥാനമാക്കി. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം തുടങ്ങിയ ആപ്ത വാക്യങ്ങൾ ഉയിർപ്പിന്റെ സന്ദേശമാണ്.

ജെസ്യൂട്ട് കവിയായ Gerard Manley Hopkins (G.M.Hopkins) "Let Him easter in us, be a dayspring to the dimness of us."(അന്ധകാരം നിറഞ്ഞ മനുഷ്യ ജീവിതത്തിൽ പുതിയ വെളിച്ചം ഉദിക്കുന്നത് പോലെ ഉയിർപ്പ് മനുഷ്യനെ മാറ്റുന്നു.

**തത്ത്വചിന്തയും ആധുനിക ശാസ്ത്ര മാനങ്ങളും**

(The Philosophical and Scientific Horizon)

ആധുനിക ചിന്താധാരകളിൽ ഉയിർപ്പിനെ Cosmic Renewal എന്നും Eschatological Breakthrough എന്നും വിശേഷിപ്പിക്കുന്നു. അതായത്, ഭാവിയിലെ ദൈവരാജ്യം ചരിത്രത്തെ സ്വാധീനിക്കുന്നതും പ്രകടമായി അനുഭവ വേദ്യമാകുന്നതുമായ നിമിഷം.

ശാസ്ത്രീയ ഭാഷയിൽ പറഞ്ഞാൽ, മരണം ഒരു biological event ആണെങ്കിൽ, ഉയിർപ്പ് ഒരു trans-biological transformation ആണ്. അതായത്,ജീവിതത്തിന്റെ പുതിയ ദർശനം, അനുഭവം, കാഴ്ച്ചപ്പാട്, സ്വപ്നങ്ങൾ, തീരുമാനങ്ങൾ ഇവയെ സ്വാധീനിക്കുന്ന ഒരു തലം. മറ്റൊരു രീതിയിൽ പറഞ്ഞാൽ, നിരാശയിൽ നിന്നും പ്രത്യാശയിലേക്കുള്ള വളർച്ച..

റഷ്യൻ എഴുത്തുകാരനായ Fyodor Dostoevsky
"If Christ had not risen, the world would have been meaningless."
എന്ന വാക്കുകൾ മനുഷ്യന്റെ ദാർശനിക ചോദ്യങ്ങൾക്ക് ഉയിർപ്പ് നൽകുന്ന ഉത്തരത്തെ വെളിപ്പെടുത്തുന്നു.
(വിശുദ്ധ പൗലോസ് എഴുതിയ ‘ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും ‘എന്ന ചിന്തയുടെ ഒരു സ്വീകരണം കൂടിയാകാം)

**സാഹിത്യ മാനം**

(Resurrection in World Literature)

ക്രിസ്തുവിന്റെ ഉയിർപ്പ് മതപരമായ വിശ്വാസത്തെ മാത്രമല്ല, സാഹിത്യസംഹിതകളെയും ആഴത്തിൽ സ്വാധീനിച്ച ഒരു ദൈവിക പ്രചോദനമാണ്. മരണത്തെ അതിജീവിക്കുന്ന പ്രത്യാശ, ഇരുളിനുശേഷമുള്ള വെളിച്ചം, വീഴ്ചയ്ക്കുശേഷമുള്ള പുതുജീവിതം തുടങ്ങിയ ആശയങ്ങൾ ലോക സാഹിത്യത്തിൽ ശക്തമായി പ്രതിഫലിക്കുന്നുണ്ട്. ഡാൻറെയുടെ (Dante Alighieri) യുടെ Divine Comedy എന്ന മഹാകാവ്യത്തിൽ നരകത്തിൽ നിന്ന് സ്വർഗത്തിലേ

ക്കുള്ള പ്രചോദനാത്മക യാത്ര മനുഷ്യന്റെ വീണ്ടെടുപ്പിനെയും ഉയിർപ്പിന്റെ പ്രത്യാശയെയും പ്രതീകാത്മകമായി അവതരിപ്പിക്കുന്നു.

C. S. Lewis's The Chronicles of Narnia യിൽ Aslan എന്ന കഥാപാത്രത്തിന്റെ മരണവും പുനരുജ്ജീവനവും ക്രിസ്തുവിന്റെ ഉയിർപ്പിന്റെ സാഹിത്യപ്രതീകമായി കാണപ്പെടുന്നു.

ഈ രീതിയിൽ ലോകസാഹിത്യത്തിൽ 'Resurrection Motif" എന്ന ആശയം വലിയൊരു ചിന്താധാര തന്നെ സൃഷ്ടിച്ചിട്ടുണ്ട്. ഇരുളിൽ ഉദിക്കുന്ന പുതിയ പ്രഭാതം എന്ന പ്രതീകം മനുഷ്യന്റെ ആത്മീയ യാത്രയെ ചിത്രീകരിക്കുന്നു. സാഹിത്യകാരന്മാർക്ക് ഉയിർപ്പ് ഒരു മതസത്യത്തെ മാത്രമല്ല, മനുഷ്യജീവിതത്തിന്റെ സർവ്വലൗകിക പ്രത്യാശയെ അവതരിപ്പിക്കുന്ന സൃഷ്ടിപരവും പ്രചോദനാത്മകവുമായ ചോദനയാണ്.

**ദൈവശാസ്ത്രവും രാഷ്ട്രീയ ദർശനവും**

(Theological and Political Vision of Resurrection)

ക്രിസ്തുവിന്റെ ഉയിർപ്പ് ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ കേന്ദ്രസത്യമാണ്. ദൈവശാസ്ത്രത്തിൽ ഇത് Victory over Death എന്നതിലുപരി Triumph of Divine Justice എന്ന രീതിയിൽ കാണപ്പെടുന്നു. മരണവും പാപവും അനീതിയും അവസാനവാക്കല്ല എന്ന സത്യമാണ് ഉയിർപ്പ് പ്രഖ്യാപിക്കുന്നത്.

ആധുനിക ദൈവശാസ്ത്രത്തിൽ J. Moltmann (Jurgan Moltmann) പോലുള്ള ചിന്തകർ ഉയിർപ്പിനെ Theology of Hope എന്ന ആശയത്തിന്റെ കേന്ദ്രബിന്ദുവായി കാണുന്നു. മനുഷ്യചരിത്രത്തിൽ സ്വർഗ്ഗരാജ്യ ചിന്ത ഇതിനകം പ്രവർത്തനം ആരംഭിച്ചിരിക്കുന്നു എന്നതാണ് ഈ ചിന്തയുടെ അടിസ്ഥാനം.

രാഷ്ട്രീയ-സാമൂഹിക തലത്തിലും ഉയിർപ്പിന്റെ സന്ദേശം വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അടിച്ചമർത്തലുകൾക്കും അനീതികൾക്കും എതിരായി പ്രത്യാശയുടെ സന്ദേശമായി ഉയിർപ്പ് പ്രവർത്തിച്ചു. Liberation Theology യിൽ ക്രിസ്തുവിന്റെ ഉയിർപ്പ് പീഡിതരുടെ വിമോചനത്തിന്റെ പ്രതീകമായി വ്യാഖ്യാനിക്കപ്പെടുന്നു.


അതിനാൽ ഉയിർപ്പ് ഒരു ആത്മീയ അനുഭവമെന്നതോടൊപ്പം മനുഷ്യസമൂഹത്തെ പുതുക്കുന്ന ഒരു ദൈവിക ദർശനമാണ്. അത് ചരിത്രത്തെയും സംസ്കാരത്തെയും രാഷ്ട്രീയ ചിന്തകളെയും സ്വാധീനിച്ച ഒരു transformative power ആയി നിലകൊള്ളുന്നു.

**സമാപ്തം**

ക്രിസ്തുവിന്റെ ഉയിർപ്പ് മനുഷ്യചരിത്രത്തിലെ ഏറ്റവും വലിയ പ്രത്യാശയുടെ പ്രഖ്യാപനമാണ്. അത് മരണത്തോടെ എല്ലാം അവസാനിച്ചു എന്ന ചിന്താധാരയെ വെല്ലുവിളിക്കുന്നു. ക്രിസ്തു ഉയിർത്തെഴുന്നേറ്റതിലൂടെ ദൈവം മനുഷ്യനെ പുതിയ സൃഷ്ടിയിലേക്ക് വിളിക്കുന്നു.

അതുകൊണ്ട് ഉയിർപ്പ് ഒരു പഴയ സംഭവത്തിന്റെ ഓർമ്മമാത്രമല്ല; അത് ഇന്നും മനുഷ്യ ഹൃദയത്തെ സ്വാധീനിക്കുന്ന, വെല്ലുവിളിയുയർത്തുന്ന, പ്രത്യാശയുടെ, നന്മകളുടെ സംവേദനത്തിന്റെ, ക്രീയാത്മക സമീപനത്തിന്റെ ഇന്നും തുടരുന്ന, തുടർന്നുകൊണ്ടിരിക്കുന്ന ക്രൈസ്തവ ജീവിതത്തിന്റെ തുടക്കമാണ്... ഉണർത്തുപാട്ടാണ്...

Resurrection is the dawn of a new creation.



# പുനരുത്ഥാനത്തിന്റെ പ്രത്യാശ

## സമകാലിക പ്രതിസന്ധികൾക്കുള്ള പ്രതിവിധി

**ഫാ. ഡോ. സണ്ണി ചാക്കോ, കുന്നംകുളം**



**ആമുഖം**

ചരിത്രത്തിലെ ഏറ്റവും നിർണായകമായ ആത്മീയ പ്രഖ്യാപനങ്ങളിൽ ഒന്നാണ് ക്രിസ്തുവിന്റെ പുനരുത്ഥാനം. അത് കേവലം ഒരു മതപരമായ വിശ്വാസപ്രമാണം അല്ല, മറിച്ച് മനുഷ്യരാശിയുടെ ചരിത്രത്തിൽ പ്രത്യാശയുടെ പുതിയ ദിശ തുറന്ന ഒരു ദാർശനികവും ആത്മീയവുമായ സംഭവമാണ്. ആധുനിക മനുഷ്യൻ ശാസ്ത്ര സാങ്കേതിക മേഖലകളിൽ നേടിയ അഭൂതപൂർവ്വമായ വിജയങ്ങൾക്കും സമാനതകൾ ഇല്ലാത്ത ഭൗതിക പുരോഗതിക്കും സാക്ഷ്യം വഹിക്കുന്ന കാലഘട്ടമാണിത്. എന്നാൽ ഈ നേട്ടങ്ങൾക്കൊന്നും മനുഷ്യന്റെ ആന്തരികമായ അരക്ഷിതാവസ്ഥയെയും അസ്തിത്വപരമായ ഉൽക്കണ്ഠയേ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് സമകാലിക ചരിത്രം നൽകുന്ന കടുത്ത പാഠമാണ്. റഷ്യൻ ഉക്രൈൻ യുദ്ധവും പശ്ചിമേഷ്യയിൽ ഇറാനും ഇസ്രായേലും ഉൾപ്പെടെ ലോകമെമ്പാടും അണപൊട്ടിയൊഴുകുന്ന സായുധ സംഘർഷങ്ങളും യുദ്ധഭീതിയും മനുഷ്യനിർമ്മിത സുരക്ഷാസംവിധാനങ്ങളുടെ ദുർബലത വെളിവാക്കുന്നു. ഒരു വശത്ത് ജീവൻ ദീർഘിപ്പിക്കാനുള്ള ഗവേഷണങ്ങൾ; മറുവശത്ത് നിമിഷനേരം കൊണ്ട് ആയിരക്കണക്കിന് ജീവനുകൾ ചാരമാക്കാൻ ശേഷിയുള്ള ആയുധങ്ങൾ. ഈ ഭയാനകമായ വൈരുദ്ധ്യാത്മക ദ്വന്ദത്തിന് നടുവിലാണ് ഇന്ന് മനുഷ്യരാശി, അതിന്റെ ഏറ്റവും ദുസ്സഹകമായ നിസ്സഹായത അനുഭവിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്ര ബിന്ദുവായ പുനരുത്ഥാനത്തിന്റെ കാലാതിവർത്തിയായ സന്ദേശം കൂടുതൽ സംഗതം ആകുന്നത്. കേവലം ഒരു മതപരമായ ആചാരം എന്നതിനപ്പുറം സമഗ്രമായ ഒരു ദൈവശാസ്ത്രദാർശനിക പ്രതികരണമായി സമകാലിക ലോകത്തിന്റെ പ്രതിസന്ധികൾക്കുള്ള പ്രതിവിധിയായി ഈസ്റ്ററിന്റെ സന്ദേശം മനുഷ്യമനസ്സുകളിൽ സന്നിവേശിപ്പിക്കുവാൻ നമുക്ക് ആകണം. പുനരുത്ഥാനം കാലാതീതമായ ഒരു സത്യത്തിന്റെ നിരന്തരമായ ഓർമ്മപ്പെടുത്തലാണ്. കല്ലറയുടെ വാതിക്കൽ നിന്ന് ഉരുട്ടി മാറ്റപ്പെട്ട വലിയ കല്ല് അധികാര രാഷ്ട്രീയത്തിന്റെയും മനുഷ്യ നിർമ്മിതമായ തടസ്സങ്ങളുടെയും പരാജയത്തെ മാത്രമല്ല കുറിക്കുന്നത്, മറിച്ച് മനുഷ്യരാശിയെ വരിഞ്ഞു മുറുക്കിയിരിക്കുന്ന നിരാശയുടെയും പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള ശാശ്വതമായ വിജയത്തിന്റെ പ്രഖ്യാപനം കൂടിയാണത്. ദുഃഖവെള്ളിയാഴ്ചയുടെ നിശബ്ദതയും കാൽവരിയിലെ കൂരിരുളും അവസാനവാക്കല്ലെന്നും, അവയ്ക്ക് അപ്പുറം പ്രത്യാശയുടെ ഒരു മൂന്നാം നാൾ കാത്തിരിക്കുന്നുണ്ടെന്നും അഹന്തയുടെ ഗോപുരങ്ങൾ തകർക്കുന്ന അദൃശ്യമായ ദൈവകരം ഇന്നും എന്നും കാലാതീതമായി നിലനിൽക്കുന്നുവെന്നും ഉത്ഥിതനായ ക്രിസ്തു ലോകത്തോട് വിളിച്ചുപറയുന്നു.



**ഉത്ഥാനം :**
**അധികാര ഗർവ്വിനേൽക്കുന്ന തിരിച്ചടി**

സമാധാനം കേവലം യുദ്ധങ്ങളുടെ അഭാവമല്ല. ആയുധങ്ങൾ കൊണ്ടോ രാജ്യങ്ങൾ തമ്മിലുള്ള സമാധാന കരാറുകൾ കൊണ്ടോ ഏകപക്ഷീയമായി അടിച്ചേൽപ്പിക്കുന്ന ഉടമ്പടികൾ കൊണ്ടോ സൃഷ്ടിക്കാവുന്ന ഒന്നല്ല അത്, മറിച്ച് മരണത്തെ പോലും തോൽപ്പിച്ച ദൈവീകസ്നേഹത്തിന്റെ വിജയപ്രഖ്യാപനമാണത്. റോമൻ സാമ്രാജ്യത്വത്തിന്റെ അധികാര ഗർവ്വിനും യഹൂദന്മാരുടെ മതാന്ധതയ്ക്കും നടുവിലേക്കായിരുന്നു ഉത്ഥിതനായ ക്രിസ്തു ശാന്തനായി കടന്നുവന്നത്. ഭയത്താൽ വാതിലുകൾ അടച്ചിരുന്ന ശിഷ്യന്മാർക്ക് ക്രിസ്തു നൽകിയ ആദ്യ സന്ദേശം *"നിങ്ങൾക്ക് സമാധാനം"* (ശാലോം) എന്നായിരുന്നു. ശാലോം എന്നാൽ യുദ്ധങ്ങളുടെ അഭാവം മാത്രമല്ല, സമഗ്രമായ ഐശ്വര്യവും പൂർണതയും അർത്ഥമാക്കുന്ന ഒരു ലോകക്രമമാണ്. ഈ സമാധാനം മരണത്തെ പോലും പരാജയപ്പെടുത്തിയ ദൈവികസ്നേഹത്തിന്റെ വിജയമായിരുന്നു. ഇന്ന് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ മുഴുങ്ങുന്ന ബോം ബുകളുടെ ശബ്ദത്തേക്കാൾ ശക്തമാണ് ശൂന്യമായ കല്ലറയുടെ സന്ദേശം. അന്തിമമായ വിജയം തിന്മയ്ക്കോ മരണത്തിനോ അല്ല പ്രത്യുത ജീവനും സ്നേഹത്തിനും ആണെന്ന് ആ 'ഒഴിഞ്ഞ കല്ലറ' പ്രതീകാത്മമായി പ്രഖ്യാപിക്കുന്നു. യുദ്ധക്കെടുതികളിൽ നശിക്കുന്നത് കെട്ടിടങ്ങൾ മാത്രമല്ല തലമുറകളായി കെട്ടിപ്പടുത്ത സ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും അടിത്തറകൾ കൂടിയാണ്. യുദ്ധം കഴിഞ്ഞാൽ ഉണ്ടാകുന്ന സമാധാനത്തിൽ അസമാധാനത്തിന്റെ വിത്തുകൾ ഒളിഞ്ഞിരിപ്പുണ്ട് എന്നത് യാഥാർഥ്യമാണ്. ആയുധങ്ങളുടെ ഭാഷയിൽ സമാധാനം സ്ഥാപിക്കുവാനുള്ള ശ്രമം എത്ര നിഷ്ഫലമാണെന്ന് ഉത്ഥാനം നമ്മെ ഓർമിപ്പിക്കുന്നു.

**ഉത്ഥാനം : അസ്തിത്വവാദത്തിന്റെ ശൂന്യതയോടുള്ള മറുപടി**

ആധുനിക മനുഷ്യന്റെ ആന്തരിക പ്രതിസന്ധിയുടെ ആഴങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ് അസ്തിത്വവാദ ചിന്തകളുമായുള്ള ഉത്ഥാനത്തിന്റെ സംവാദം. ആധുനിക ദാർശനികചിന്തയിൽ മനുഷ്യജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ച് ആഴമേറിയ സംശയങ്ങൾ ഉയർന്നിട്ടുണ്ട്. ജീവിതം അർത്ഥശൂന്യമായ ഒരു പ്രക്രിയയാണെന്ന് ധാരണ പല ചിന്തകരെയും അലട്ടിയിട്ടുണ്ട്. മനുഷ്യൻ തന്റെ അസ്തിത്വത്തിന്റെ ശൂന്യതയെ നേരിടേണ്ടി വരുന്നു എന്ന തിരിച്ചറിവാണ് ആധുനിക ദാർശനിക ചിന്തയുടെ ഒരു പ്രധാന ധാര. എന്നാൽ ക്രിസ്തുവിന്റെ ഉയിർപ്പ് ഈ നിരാശയുടെ പശ്ചാത്തലത്തിൽ ഒരു പുതിയ ദിശതുറക്കുന്നു. മരണത്തിൽ അവസാനിക്കുന്ന ഒരു യാത്രയല്ല മനുഷ്യജീവിതം, മറിച്ച് അത് പരിവർത്തനത്തിലേക്കുള്ള ഒരു വിളിയാണെന്ന് ഉയിർപ്പ് പ്രഖ്യാപിക്കുന്നു. മനുഷ്യജീവിതത്തിലെ സഹനങ്ങൾക്കും പരാജയങ്ങൾക്കും അർത്ഥമുണ്ടെന്ന പ്രത്യാശയാണ് ഇവിടെ ജനിക്കുന്നത്.

ആൽബർട്ട് കാമുവിന്റെ (Albert Camus) അബ്സർഡിസം (Absurdism) അഥവാ മനുഷ്യൻ ജീവിതത്തിൽ അർത്ഥം തേടുന്നത് ഫലശൂന്യമാണെന്നും എങ്കിലും ആ യാഥാർത്ഥ്യത്തെ അംഗീകരിച്ച് സധൈര്യം ജീവിക്കണമെന്നുമുള്ള ദർശനത്തിനും സാർത്രിന്റെ (Jean-Paul Sartre) അർത്ഥശൂന്യതയ്ക്കും ഇടയിൽ ഉത്ഥാനം മനുഷ്യാസ്തിത്വത്തിന് ഒരു പുതിയ മാനം നൽകുന്നു. സോറൻ കീർക്കെഗാഡിന്റെ (Soren Kierke gaard) ദർശനമനുസരിച്ച് ദൈവവിശ്വാസം എന്നത് ശാസ്ത്രീയമായോ യുക്തിയുമായോ തെളിയിക്കാൻ കഴിയുന്ന ഒന്നല്ല അത് യുക്തിയുടെ പരിധികൾ ലംഘിച്ച് തികച്ചും വ്യക്തിപരമായ ഒരു തീരുമാനത്തിലൂടെയുള്ള ദൈവവിശ്വാസിലേക്കുള്ള കുതിച്ചുചാട്ടമാണ് (Leap of faith) ഈ ആശയത്തിന് മൂർത്തമായ അടിത്തറ നൽകുന്നത് ക്രിസ്തുവിന്റെ ശൂന്യമായ കല്ലറയാണ്. യുക്തിയുടെ അതിരുകൾ അവസാനിക്കുന്നിടത്ത് കുരിശിലെ സഹനത്തിനു പോലും അർത്ഥം ഉണ്ടെന്നും മരണം അന്തിമമല്ലെന്നുമുള്ള പ്രത്യാശ അത് നൽകുന്നു. ഗോൽഗോഥായിലെ മരണം ഒരു പരാജയമായിരുന്നില്ല എന്ന് നാം വിശ്വസിക്കുന്നുവെങ്കിൽ മനുഷ്യ ജീവിതത്തിലെ ഒരു പരാജയവും രോഗവും നിരാശയും അവസാന വാക്കല്ല എന്ന് തിരിച്ചറിയണം. അസ്തിത്വത്തിന്റെ ഇരുളടഞ്ഞ ഗുഹകളിൽ പോലും പ്രത്യാശയുടെ സൂര്യനുദിക്കുന്നു എന്ന ദാർശനിക സത്യമാണ് ഉത്ഥാനം മാനവരാശിക്ക് നൽകുന്നത്.

**ഉത്ഥാനം : പൗരസ്ത്യ ദൈവശാസ്ത്രത്തിലെ രൂപാന്തരീകരണം**

പൗരസ്ത്യ ക്രൈസ്തവ ദൈവശാസ്ത്രത്തിൽ, വിശിഷ്യാ 'ഹെസിഖാസം' (Hesychasm) അഥവാ ബുദ്ധിപരമായ അറിവിനേക്കാൾ ഉപരിയായി പ്രാർത്ഥനയിലൂടെയുള്ള ദൈവാനുഭവത്തിന് മുൻഗണന നൽകുന്ന ആന്തരികധ്യാന പാരമ്പര്യങ്ങളിൽ ഉത്ഥാനം കേവലം ഒരു ചരിത്ര സംഭവമല്ല മറിച്ച് സഭയുടെ അനുദിന ജീവിതത്തിലെ നിരന്തരാനുഭവമാണ്. പാപത്താലും മരണത്താലും കളങ്കപ്പെട്ട മനുഷ്യ പ്രകൃതിയെ ക്രിസ്തു തന്റെ ഉത്ഥാനത്തിലൂടെ തേജസ്ക്കരിച്ചു. താബോർ മലയിലെ രൂപാന്തരീകരണത്തിന്റെ അതേ പ്രകാശം ഉത്ഥിതനായ ക്രിസ്തുവിലൂടെ വിശ്വാസിയുടെ ആന്തരിക

ലോകത്തും പ്രതിഫലിക്കേണ്ടതുണ്ട്. സമകാലിക മനുഷ്യനെ ഗ്രസിച്ചിരിക്കുന്ന ആന്തരിക സംഘർഷങ്ങൾക്കും അശാന്തിക്കും ഈ ദൈവികപ്രകാശവും ആന്തരിക ശാന്തതയുമാണ് സഭ നൽകേണ്ട ഔഷധം. ഡിജിറ്റൽ യുഗത്തിന്റെ അന്യവൽക്കരണത്തിൽ നിന്നും സ്ക്രീനുകൾക്ക് പിന്നിലെ ഏകാന്തതയിൽ നിന്നും മോചനം നേടാൻ എമ്മവൂസിലെ ശിഷ്യന്മാർക്കൊപ്പം നടക്കുകയും അവരോട് സംസാരിക്കുകയും അപ്പം മുറിക്കുകയും ചെയ്ത ക്രിസ്തുവിന്റെ മാതൃക പിന്തുടർന്ന് കൊണ്ടുള്ള ഊഷ്മളമായ മാനുഷിക ബന്ധങ്ങളുടെ ഉയർപ്പാണ് ഇന്നിന്റെ അനിവാര്യത.

**ചരിത്രത്തിലെ കുരിശുകളും സമാധാനത്തിന്റെ പുനരുജ്ജീവനവും**

മനുഷ്യചരിത്രം ഒരർത്ഥത്തിൽ മനുഷ്യൻ സഹജീവിയെ ക്രൂശിലേറ്റിയ അനുഭവങ്ങളുടെ ചരിത്രമാണ്. ഒന്നാം ലോകമഹായുദ്ധത്തിന്റെ ചെളിനിറഞ്ഞ കിടങ്ങുകളും രണ്ടാം ലോകമഹായുദ്ധത്തിലെ ഹിരോഷിമ നാഗസാക്കിയിലെ കൂൺ മേഘങ്ങളും നാസി ക്യാമ്പുകളിലെ ഗ്യാസ് ചേമ്പറുകളും ആധുനികതയുടെ ദുഃഖവെള്ളിയാഴ്ചകളായിരുന്നു. ഇന്നും പശ്ചിമേഷ്യയിലും കിഴക്കൻ യൂറോപ്പിലും വെടിയൊച്ചകൾ നിലയ്ക്കുന്നില്ല. ഈ സന്ദർഭത്തിൽ ഉത്ഥാനം സമാധാനത്തിന്റെ പുതിയ ലോകക്രമത്തിലേക്കുള്ള ആഹ്വാനമാണ്. തന്നെ ക്രൂശിച്ചവരോട് പ്രതികാരം ചെയ്യാൻ വരുന്ന വിജയിയായിയല്ല മറിച്ച് സമാധാനം നേരുന്ന സ്നേഹ സ്വരൂപനായാണ് ഉത്ഥിതൻ പ്രത്യക്ഷപ്പെടുന്നത്. പ്രതികാരത്തിന്റെ ചോരപ്പുഴകൾക്ക് പകരം സ്നേഹത്തിന്റെയും ക്ഷമയുടെയും തെളിനീരുറവകൾ സൃഷ്ടിക്കുവാൻ ലോകരാജ്യങ്ങൾക്ക് കഴിയുമ്പോൾ മാത്രമേ മാനവ ചരിത്രത്തിൽ യഥാർത്ഥ ഈസ്റ്റർ പുലരുകയുള്ളൂ.

**സാർവത്രിക ഉയർപ്പ് പ്രകൃതിയുടെയും കുടുംബത്തിന്റെയും നവീകരണം**

മനുഷ്യന്റെ അത്യാർത്തി കാരണം ഭൂമി ഇന്ന് ഒരു ദുഃഖവെള്ളിയാഴ്ചയിലൂടെ കടന്നുപോകുന്നു. കാലാവസ്ഥാവ്യതിയാനവും ആഗോളതാപനവും പ്രകൃതിയുടെ മരണവെപ്രാളങ്ങളാണ്. ഇവിടെ ക്രി സ്തുവിന്റെ ഉത്ഥാനം മനുഷ്യന്റെ മാത്രം രക്ഷയായല്ല പ്രപഞ്ചത്തിന്റെ മുഴുവൻ നവീകരണമായി കാണേണ്ടതുണ്ട്. (cosmic renewal) ഓരോ മരത്തൈ നടുമ്പോഴും ജലാശയം സംരക്ഷിക്കുമ്പോഴും നാം പ്രകൃതിയുടെ ഉയർപ്പിന് പങ്കാളികളാകുന്നു. അതുപോലെ തിരക്കുകൾ നിറഞ്ഞ ആധുനിക ജീവിതത്തിൽ പ്രതിസന്ധിയിലായ കുടുംബങ്ങളിലും ഉത്ഥാനത്തിന്റെ സന്ദേശത്തിന് പ്രസക്തി ഏറെയാണ്. പരസ്പരം താങ്ങുകയും അപരന്റെ പോരായ്മകളെ സ്നേഹം കൊണ്ട് പൊതിയുകയും ചെയ്യുമ്പോൾ അടഞ്ഞ കല്ലറകളുടെ കല്ലുകൾ ഉരുട്ടിമാറ്റപ്പെടുകയാണ്. ഭവനങ്ങൾ ചെറിയ സഭകളായി മാറുകയും ഉത്ഥിതന്റെ സമാധാനം അവിടെ കളിയാടുകയും ചെയ്യുമ്പോൾ മാത്രമേ ലോകത്ത് യഥാർത്ഥ മാറ്റങ്ങൾ സാധ്യമാകുകയുള്ളൂ.

**പ്രത്യാശയുടെ കാവൽക്കാരാകാനുള്ള വിളി**

നിസ്സഹായതയുടെയും അനിശ്ചിതത്വത്തിന്റെയും യുദ്ധങ്ങളുടെയും ഈ ലോകത്ത് ക്രൈസ്തവന്റെ ദൗത്യം പ്രത്യാശയുടെ  കാവൽക്കാരാകുക എന്നതാണ്. ഈ ആഗോള പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ ലോകം മാത്രമല്ല വിശ്വാസസമൂഹവും വലിയ വെല്ലുവിളികളിലൂടെയാണ് കടന്നുപോകുന്നത് ഭയത്താൽ വാതിലുകൾ അടച്ചിരുന്ന ശിഷ്യന്മാരെപോലെ പലപ്പോഴും സഭ ചരിത്രത്തിന്റെ അനിശ്ചിതത്വങ്ങൾക്ക് മുന്നിൽ നിശബ്ദമായി നിൽക്കേണ്ടിവരുന്നു. യുദ്ധങ്ങൾ, സാമ്പത്തിക അസമത്വങ്ങൾ, മതവൈരങ്ങൾ, സാമൂഹിക അനീതികൾ ഇവയെല്ലാം ലോകത്തിന്റെ മനസാക്ഷിയെ വെല്ലുവിളിക്കുന്നു. സമാധാനത്തിനായി പ്രാർത്ഥിക്കുമ്പോഴും അനീതികളുടെ മുന്നിൽ പലപ്പോഴും സഭയ്ക്ക് നിസ്സഹായതയോടെ നോക്കി നിൽക്കേണ്ടിവരുന്നുണ്ട്. എന്നാൽ ഈ നിസ്സഹായതയുടെ ഇരുട്ടിലാണ് ഉയിർപ്പിന്റെ സന്ദേശം ഏറ്റവും ശക്തമായി പ്രതിധ്വനിക്കുന്നത്. ഇരുട്ട് എത്ര കനത്തത് ആണെങ്കിലും ഉത്ഥാനത്തിന്റെ ഒരു പ്രഭാതം കാത്തിരിപ്പുണ്ടെന്ന ആഴമേറിയ വിശ്വാസമാണ് നമ്മെ മുന്നോട്ട് നയിക്കേണ്ടത്. ശൂന്യമായ കല്ലറ നൽകുന്ന ധൈര്യം ഉൾക്കൊണ്ട് ലോകത്തിന്റെ സമാധാനത്തിനായി ഭയമില്ലാതെ നിലകൊള്ളാൻ നമുക്ക് കഴിയണം. മിസൈലുകൾക്കും പ്രതികാരങ്ങൾക്കും അവസാനവാക്കാകാൻ കഴിയില്ലെന്നും, ത്യാഗത്തിന്റെയും ക്ഷമയുടെയും ക്രൂശിതഭാവങ്ങൾക്കാണ് ചരിത്രത്തെ മാറ്റിയെഴുതുവാൻ കഴിയുകയെന്നും നാം തിരിച്ചറിയണം. പ്രതിസന്ധികളിൽ ഉഴലുന്ന ആധുനിക മനുഷ്യനോട് സഭ പ്രഘോഷിക്കേണ്ടത് ഈ ജീവന്റെയും ഉയർപ്പിന്റെയും സുവിശേഷമാണ്.

**ചരിത്രത്തിൽ നിന്ന് നിത്യതയിലേക്ക്**

കാൽവരിവരെ ക്രിസ്തു ചരിത്രത്തിന്റെ ഭാഗമായിരുന്നുവെങ്കിൽ ഉത്ഥാനത്തിനുശേഷം അവൻ നിത്യതയുടെ ഭാഗമായി മാറി. ഭൗതികമായി അവനെ കണ്ടവർ പലരും അവനെ തള്ളിപ്പറഞ്ഞു. എന്നാൽ ഉത്ഥാനത്തിനുശേഷം അവനെ ദർശിച്ചവർ അവനുവേണ്ടി ജീവൻ വെടിയാൻ തയ്യാറായ രക്തസാക്ഷികളായി മാറി. ലൗകികമായ കാഴ്ചകൾക്ക് പരിമിതികൾ ഉണ്ട്. അത് ക്രൂശിൽ അവസാനിക്കുന്നു. എന്നാൽ വിശ്വാസത്തിലൂടെയുള്ള ദർശനം മരണത്തിന്

അപ്പുറവും നിലനിൽക്കുന്നു. ഉത്ഥിതനായ ക്രിസ്തു, ദൃശ്യനാകുന്നത് ജനക്കൂട്ടത്തിനല്ല മറിച്ച്, അവനെ തേടുന്ന ഹൃദയങ്ങൾക്കാണ്. "കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" എന്ന വചനത്തിലൂടെ ക്രിസ്തു വിരൽ ചൂണ്ടുന്നത്. ഈ ആത്മീയ ദർശനത്തിലേക്കാണ്. ക്രിസ്തുവിന്റെ പരസ്യജീവിതം മനുഷ്യത്വത്തിന്റെ സാക്ഷ്യമായിരുന്നെങ്കിൽ അവന്റെ ഉത്ഥാനനന്തര ദൃശ്യങ്ങൾ ദൈവത്വത്തിന്റെ വെളിപ്പെടുത്തലുകൾ ആയിരുന്നു. ഭൗതികമായ കാഴ്ചയിൽ നിന്ന് ആത്മീയമായ ദർശനത്തിലേക്കുള്ള ഈ മാറ്റമാണ് ക്രൈസ്തവ ജീവിതത്തിന്റെ അന്തസത്ത.

**ഉപസംഹാരം**

**കാലാതീതമായ പ്രത്യാശയുടെ പ്രഭാതം**

ദുഃഖവെള്ളിയാഴ്ചയുടെ നിശബ്ദതയും കാൽവരിയിലെ കൂരിരുളും അവസാന വാക്കില്ലെന്നും അവയ്ക്കപ്പുറം മൂന്നാം നാളിന്റെ പ്രഭാതം കാത്തിരിക്കുന്നുണ്ടെന്നും, ക്രിസ്തുവിന്റെ ഉയിർപ്പ് ലോകത്തോട് പറയുന്നു. ഈ പ്രഖ്യാപനമാണ് എല്ലാ കാലത്തും മനുഷ്യരെ അവരുടെ നിസ്സഹായതകളിൽ നിന്ന് ഉയർത്തി നിർത്തിയ ആത്മീയശക്തി. അധികാരത്തിന്റെ ഉന്മാദവും സാമ്പത്തിക അരക്ഷിതാവസ്ഥയും മൂല്യച്യുതിയും ലോകത്തെ വലയം ചെയ്യുമ്പോൾ, മുറിവുകളിൽ സാന്ത്വനത്തിന്റെ തൈലം പുരട്ടുവാനും പ്രത്യാശയുടെ ദീപസ്തംഭമായി നിലകൊള്ളുവാനും സഭ ജാഗരൂകമാകേണ്ടതുണ്ട്. ക്രിസ്തുവിന്റെ ഉത്ഥാനം ഒരു അവസാനമല്ല, പുതിയ തുടക്കമാണ്. ഇരുളിൽ നിന്ന് വെളിച്ചത്തിലേക്കും മരണത്തിൽ നിന്ന് ജീവനിലേക്കുമുള്ള നിരന്തര യാത്ര. വെറുപ്പിന്റെയും പകയുടെയും ഇരുൾ മൂടിയ ലോകത്ത്, ക്രൂശിച്ചവരോട് ക്ഷമിച്ച സ്നേഹത്തിന്റെ വിജയമാണ് യേശുവിന്റെ ഉയർപ്പ്. മനുഷ്യനെ ശാശ്വതമായി തളച്ചിടാൻ പോന്ന ഒരു തടവറയും പ്രത്യാശയെ കെടുത്തി കളയാൻ പോന്ന ഒരു ഇരുട്ടും ഈ പ്രപഞ്ചത്തിലില്ല എന്ന സന്ദേശമാണ് കല്ലറയുടെ വാതിക്കൽ നിന്ന് ഉരുട്ടി മാറ്റപ്പെട്ട കല്ല് കാലാതീതമായി വിളിച്ചു പറയുന്നത്. ആ മഹാപ്രകാശത്തിൽ നമ്മുടെ വ്യക്തി ജീവിതങ്ങളെയും, സമൂഹത്തെയും നവീകരിക്കാം. അന്ധകാരത്തിനു മേൽ പ്രകാശം നേടുന്ന ആ മഹാവിജയം ലോകാവസാനത്തോളം മനുഷ്യവഴികളെ പ്രകാശിപ്പിച്ചുകൊണ്ടേയിരിക്കും.




മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന് കുന്നംകുളം ഭദ്രാസന പരിധിയിൽ ഉണ്ടായിരുന്ന ഒരു ഏക്കർ വസ്തുവിൽ യൂത്ത് സെന്റർ ആരംഭിച്ചു പ്രവർത്തിക്കുന്നതിലേക്ക് ക്രമീകരിച്ചു വന്നിരുന്നുവെങ്കിലും ചില പ്രതിസന്ധികൾ കാരണം പ്രവർത്തനം ആരംഭിക്കുവാൻ താമസം ഉണ്ടാവുകയും പ്രസ്തുത സ്ഥലവും, കെട്ടിടവും കാലപ്പഴക്കം നേരിടുകയും ചെയ്ത സാഹചര്യത്തിൽ യുവജനപ്രസ്ഥാനത്തിന്റെ കേന്ദ്ര പ്രസിഡണ്ടും കുന്നംകുളം ഭദ്രാസനാധിപനുമായ അഭി. ഡോ. ഗീവർഗീസ് മാർ യുലിയോസ് മെത്രാപ്പോലീത്തയുടെ നിർദ്ദേശപ്രകാരം കുന്നംകുളം ഭദ്രാസനവും, മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനവും സംയുക്തമായി മലങ്കര സഭയുടെ മുൻ കാതോലിക്കാ പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ തിരുമേനിയുടെ പേരിൽ ഹൗസിംഗ് പ്രോജക്ട് തുടർച്ച എന്നവണ്ണം 8 കുടുംബങ്ങൾക്ക് സ്നേഹതണൽ ഒരുക്കുവാൻ കെട്ടിടം പുനർ നിർമ്മിച്ചാൽ സാധിക്കുമെന്നും ഈ വിഷയത്തിൽ കുന്നംകുളം ഭദ്രാസനം പുനർ നിർമ്മാണ നടപടിക്രമ പൂർത്തിയാക്കാമെന്ന് അറിയിക്കുകയും ചെയ്തതനുസരിച്ച് 8 കുടുംബങ്ങൾക്ക് വാസസ്ഥലം ഒരുങ്ങുകയാണ്. മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഭവന നിർമ്മാണ പ്രൊജക്റ്റ് സേവനമേഖലയിൽ പ്രധാന പ്രൊജക്റ്റായി നോക്കിക്കാണുന്ന ഒന്നാണ് ഈ പദ്ധതി.

# അഷ്ട രാഗങ്ങളിലെ സൗഖ്യ പരിവേഷം



**ഫാ. ലിജോ തൂക്കനാൽ**
(കർണ്ണാടക സംഗീത ഭൂഷൺ)

(Music Teacher & Music Therapist, FM Radio Artist @ Amal Jyothi College, Kanjirappally)

***ലോ***കത്തിലെ എല്ലാ മതങ്ങളുടെയും ആരാധനയിൽ പ്രധാന പങ്കുവഹിക്കുന്ന ഒന്നാണ് സംഗീതം. എന്തിനാണ് ആരാധനകളിൽ സംഗീതം ഉപയോഗിക്കുന്നത്. ഭക്തി വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യം കൂടിയുണ്ട്. രണ്ടുതരം സംഗീത രൂപങ്ങളാണ് നമ്മൾ ആരാധനയിൽ ഉപയോഗിക്കുന്നത്.

1. **Chants :** വാക്യവും പ്രതിവാക്യവും വായനകളും അടങ്ങിയ ഗദ്യരൂപമാണ്. അത് ദക്ഷിണേന്ത്യൻ സംഗീതത്തിൽ വിരുത്തം എന്നൊക്കെ പറയാൻ സാധിക്കുന്ന തരത്തിലുള്ള ശൈലിയാണ്.

2. ***ഗാനമാർഗ്ഗം*** : പാട്ട് ഗീതം കീർത്തനം തുടങ്ങിയ രൂപങ്ങളുടെ ഒരു ശൈലിയാണ് ഇത്.

**എട്ടു നിറങ്ങളും അവയിലെ രസങ്ങളും**

ഓർത്തഡോക്സ് ആരാധനയെ സമ്പുഷ്ടമാക്കുന്നതിലെ പ്രധാന ഘടകം സംഗീതമാണ് 8 നിറങ്ങളിൽ പാടുന്ന പാട്ടുകൾ ഓരോ നിറങ്ങളും നവരസങ്ങളിലെ ഭാവങ്ങൾ പുറപ്പെടുവിക്കുന്നുണ്ട് എന്ന് ശ്രദ്ധിച്ചിട്ടുണ്ടോ. വളരെ ചുരുക്കമായി പറയാം.

നിറം
1. ശാന്തം
2. ആനന്ദം
3 കരുണം
4 സന്തോഷം/ആനന്ദം
5 ബീഭത്സം
6 കരുണം
7 കരുണം
8 ആനന്ദം

ഇവിടെ നമ്മൾ വിവരിക്കുന്നത് ഉയിർപ്പ് പെരുനാളിൽ ഉപയോഗിക്കുന്ന ഗീതങ്ങളുടെ/ നിറത്തിന്റെ ചികത്സാ വശത്തെ കുറിച്ചാണ്. ഒന്നാം നിറമാണ് ഈ ശുശ്രൂഷയിൽ ഉപയോഗിക്കുന്നത്. അതിന്റെ ആലാപനത്തിലൂടെ എങ്ങനെയാണ് ശാന്തമായ അന്തരീക്ഷം അനുഭവിക്കാനാവുന്നത് എന്നാണ് വിവരിക്കുന്നത്.

**1. ഈണം :** ഈണങ്ങൾ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത് തലച്ചോറിലെ ലിംബിക് സിസ്റ്റത്തെയാണ് (Limbic system). അതിൽ ഉൾപ്പെടുന്ന Amygdala, Hippocampus, Hypothalamus തുടങ്ങിയ ഘടകങ്ങളെയാണ്. ഇവ ഓരോന്നും ഓരോ രീതിയിൽ പ്രവർത്തിക്കുന്നവയാണ്.

Amygdala വികാരങ്ങളെ നിയന്ത്രിക്കുന്നു .

Hippocampus കേൾക്കുന്ന കാര്യങ്ങളെ ഓർമ്മയുമായിട്ട് ബന്ധിപ്പിക്കുന്നു.

Hypothalamus ഹോർമോണിനെ നിയന്ത്രിക്കുന്നു

ഒന്നാം നിറം പ്രധാനമായും ശരീരത്തിൽ Serotonin, Dopamine എന്നീ ഹോർമോണുകളെ ഉത്പാദിപ്പിക്കുകയും തൽഫലമായി മനസ്സിനെ ശാന്തമാക്കുകയും ചെയ്യുന്നു.

**2. താളം :** ഉയിർപ്പ് പെരുന്നാളിൽ സന്ധ്യയിലെ ഗാനങ്ങൾ മാത്രം ഉദാഹരണമായി എടുക്കുകയാണ്. (മിക്കവാറും എല്ലാ ഗാനങ്ങളും ഇതേ താളത്തിലാണെങ്കിലും ഉദാഹരണമായിട്ട് സന്ധ്യ മാത്രം എടുക്കുകയാണ്). അതിൽ ഏറിയ പങ്കും 4/4 അല്ലെങ്കിൽ ഏകതാളത്തിലാണ്. ഇത് ഒരു മനുഷ്യന്റെ ഹൃദയമിടിപ്പ് നിയന്ത്രിക്കുകയും ശ്വാസഗതികൾ നിയന്ത്രിച്ച് ശരീരത്തിന്റെ പ്രഷർ കുറയ്ക്കാനും സഹായിക്കുന്നു. അതിലൂടെ ഒരാൾക്ക് ആരാധനയിലെ ശ്രദ്ധ വർദ്ധിപ്പി

ക്കുന്നതിനും ശരീരത്തിനും മനസ്സിനും ഉന്മേഷം പകരാൻ പാകത്തിന് ഡോപ്പമിൻ എന്ന എൻസൈം ഉത്പാദിപ്പിക്കുകയും ചെയ്യുന്നു.

ഈ താളം വളരെ വേഗം തന്നെ കേൾവിക്കാരെ നിയന്ത്രണത്തിലാക്കാനും ശാന്തമായ അന്തരീക്ഷം ഉണ്ടാക്കാനും സഹായിക്കുന്നു. പ്രത്യേകിച്ചും എല്ലാവരും ചേർന്ന് ഈ ഗാനങ്ങൾ ഒരേ സ്വരത്തിൽ ആലപിക്കുമ്പോൾ ശബ്ദതരംഗങ്ങൾ തലച്ചോറിനെ സ്പർശിക്കുകയും വേഗം സൗഖ്യത്തിന്റെ അല്ലെങ്കിൽ ശാന്തതയുടെ അനുഭവത്തിലേക്ക് ഒരാളെ എത്തിക്കുകയും ചെയ്യുന്നു.

**3. Repeated tone structure (ആവർത്തിച്ചു വരുന്ന ഈണങ്ങളുടെ ഘടന)**

നമ്മുടെ ആരാധന ഗീതങ്ങളുടെ പ്രധാന പ്രത്യേകത ഈണങ്ങളുടെ ആവർത്തനമാണ്. ഒരു പാട്ടിന്റെ എല്ലാ ചരണങ്ങൾക്കും ഒരേ ഈണമാണ്. ഈണങ്ങളുടെ ആവർത്തനം ശ്രദ്ധ ഏകാഗ്രമാക്കുന്നതിന് സഹായിക്കുന്നതാണ്. ഈ ആവർത്തിച്ചുവരുന്ന സ്വരസഞ്ചാരങ്ങൾ എപ്പോഴും ശരീരത്തിന്റെ ഒരു ഭാഗത്തായിരിക്കും സ്പർശിക്കുക. അങ്ങനെ ആ പാട്ടിലെ സ്വരങ്ങൾ സ്പർശിക്കുന്ന ശരീരഭാഗങ്ങളെ കൂടുതൽ ആക്റ്റീവ് ആക്കുന്നത് വഴി വേഗം ഒരു മനുഷ്യന്റെ മനസ്സിനെയും വികാരങ്ങളെയും നിയന്ത്രിച്ച് സന്തുലിതാവസ്ഥയിൽ എത്തിക്കാൻ സഹായിക്കുന്നു.

അപ്പോൾ നമ്മുടെ ആരാധനയിൽ സംബന്ധിക്കുമ്പോൾ അവ നമുക്ക് സൗഖ്യത്തിനും വഴിതെളിക്കുന്നതാണ് എന്ന് ബോധ്യം ഉണ്ടാകണം. അത് കാഴ്ചക്കാരായി നിൽക്കുമ്പോഴല്ല, അതിൽ പാടുകയും ചൊല്ലുകയും ചെയ്യുമ്പോഴാണ് അത് കൂടുതൽ അനുഭവിക്കാനാവുന്നത്. കൂടുതൽ വിശദീകരണത്തിനുള്ള സ്ഥലം ഇല്ലാത്തതിനാൽ ഇതൊരു ചെറിയ കുറിപ്പ് മാത്രമാണ്. നന്മകൾ നേരുന്നു...

## ഓർത്തഡോക്സ് യുവജനപ്രസ്ഥാനം; സ്നേഹയാനം പദ്ധതി മാതൃകപരം

രമേശ് ചെന്നിത്തല എം. എൽ. എ.



ഹരിപ്പാട്: ആശയറ്റ മനുഷ്യരുടെ ആശ്രയവും അഭയവുമായി മാറുന്ന ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനം അർഹിക്കുന്നുവെന്ന് രമേശ് ചെന്നിത്തല എം.എൽ.എ.

ചലനശേഷി നഷ്ടപ്പെട്ട മനുഷ്യർക്ക് മസ്കറ്റ് ഗാല സെന്റ് മേരിസ് യുവജനപ്രസ്ഥാനത്തിന്റെ സഹകരണത്തോടെ ഇലട്രിക്ക് വീൽചെയറുകൾ നൽകുന്ന കേന്ദ്ര യുവജനപ്രസ്ഥാനത്തിന്റെ സ്നേഹയാനം പദ്ധതി കാർത്തികപ്പള്ളി സെന്റ് തോമസ് കത്തീഡ്രലിൽ വെച്ച് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്നേഹയാനം പദ്ധതി മാതൃകാപരമാണെന്നും അർഹരായ കൂടുതൽ പേരിലേക്ക് ഈ പദ്ധതിയുടെ പ്രയോജനം എത്തട്ടെ എന്നും അദ്ദേഹം പറഞ്ഞു. യുവജനപ്രസ്ഥാനം കേന്ദ്ര പ്രസിഡന്റ്ഗീവർഗീസ് മാർ യുലിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. കേരള മനുഷ്യാവകാശ കമ്മീഷൻ അണ്ടർ സെക്രട്ടറി ഷൈനി ജോർജ് വനിതാദിന സന്ദേശം നൽകി.

ഭദ്രാസന സെക്രട്ടറി ഫാ. ജോൺസ് ഈപ്പൻ, കേന്ദ്ര യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. ജെയിൻ സി. മാത്യു, ജനറൽ സെക്രട്ടറി ഫാ. വിജു എലിയാസ്, ട്രഷറർ രഞ്ജു എം. ജോയ്, ഇടവക വികാരി ഫാ. ഡി. ഗീവർഗീസ് കോർ എപ്പിസ്കോപ്പാ, ഗാല യുവജനപ്രസ്ഥാനം സെക്രട്ടറി അനൂപ് മാത്യു, ഇടവക സെക്രട്ടറി കുരുവിള കോശി, യൂണിറ്റ് സെക്രട്ടറി ആൽവിൻ കെ. ജോൺ എന്നിവർ പ്രസംഗിച്ചു.

ചാരിറ്റി പ്രവർത്തനങ്ങളുടെ ഗുണഭോക്താകളുടെ ചിത്രങ്ങളോ പേരോ പുറത്തുവിടില്ല എന്ന തീരുമാനപ്രകാരം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. അജി ഗീവർഗീസ്, സെക്രട്ടറി നിബിൻ നല്ലവീട്ടിൽ, റീജിയണൽ സെക്രട്ടറി അബു എബ്രഹാം വീരപ്പള്ളി, ജോയിന്റ് സെക്രട്ടറി അബി എബ്രഹാം കോശി, ട്രഷറർ എബിൻ ബേബി, ഭദ്രാസന കൗൺസിൽ അംഗം വിനു ഡാനിയേൽ എന്നിവർ വിവിധ ഭദ്രാസനങ്ങൾക്കും വ്യക്തികൾക്കും വേണ്ടി വീൽചെയർ ഏറ്റുവാങ്ങി.



# ഉത്ഥാനത്തിന്റെ സുഗന്ധവാഹികൾ



**ജിഷ മറിയം ജോർജ്**
(മുൻ കേന്ദ്ര വനിതാ സെക്രട്ടറി)

*പുരുഷമേധാവിത്വമുള്ള ചരിത്രകാരന്മാരും ചരിത്രാഖ്യാനവുമുള്ള ഒന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടവയാണല്ലോ സുവിശേഷങ്ങൾ. സമൂഹത്തിന്റെ പൊതുബോധത്തിൽ സ്ത്രീകളെ ഗണിക്കുകയോ പ്രശംസിക്കപ്പെടുകയോ ഒന്നും ചെയ്യാത്ത സാഹചര്യത്തിൽ സുവിശേഷങ്ങളിൽ രേഖപ്പെടുത്തപ്പെട്ട യേശുവിന്റെ സ്ത്രീ പക്ഷ ഇടപെടലുകളും സംവേദന രംഗങ്ങളും ഒക്കെ ചരിത്രത്തിൽ ഇടം പിടിച്ചിട്ടുള്ളതാണ്. ജനത്തിന്റെ എണ്ണം എടുക്കുമ്പോൾ പോലും സ്ത്രീകൾ ഉൾപ്പെട്ടിട്ടില്ല എന്നുള്ളതാണ് അയ്യായിരത്തിലധികം പേർ ഭക്ഷണം കഴിക്കപ്പെടുന്ന യേശുവിന്റെ വീര്യ പ്രവർത്തിയിൽ സുവിശേഷകർ രേഖപ്പെടുന്നത്. പുരുഷന്മാരെ മാത്രം ഗണിക്കുകയും കണക്കാക്കുകയും ചെയ്തിരുന്ന ഒരു സമൂഹത്തിൽ യേശുവിന്റെ സമാനതകളില്ലാത്ത ഇടപെടൽ സ്ത്രീകളുടെ സാമാന്യജീവിതത്തിന് കൂടുതൽ കരുത്തും ശ്രേഷ്ഠതയും ആർജ്ജിച്ചു എന്നുള്ളതിന് സംശയമില്ല. ക്രിസ്തുവിന്റെ സ്ത്രീപക്ഷ നിലപാടുകൾ സുതാര്യവും അതിലേറെ കരുതലിന്റെ കാരുണ്യം നിറഞ്ഞതുമായി സൂചിപ്പിക്കുന്നത് സുവിശേഷകനായ ലൂക്കോസ് ആണ്. ഗർഭവതികളായ രണ്ട് അമ്മമാരുടെ ജീവിതങ്ങളെ വരച്ചാരംഭിക്കുന്ന സുവിശേഷം പറഞ്ഞ് അവസാനിപ്പിക്കുന്നതും സമാനതകൾ ഇല്ലാത്ത ക്രിസ്തുവിന്റെ മരണാനന്തര ജീവിതസാക്ഷ്യവും സ്ത്രീകൾ മുഖാന്തിരം ഇടയായി എന്ന് സൂചനകളിലൂടെയാണ്. തന്റെ പരസ്യ ശുശ്രൂഷയിൽ യേശുവിനെ പണം കൊണ്ടും സേവന സന്നദ്ധത കൊണ്ടും സ്ത്രീകൾ സഹായിച്ചു എന്നതും സുവിശേഷത്തിലെ സുപ്രധാന ഏടാണ് (ലൂക്കോസ് 8:1–3). വിലയേറിയ സുഗന്ധ തൈലം കൊണ്ട് അവന്റെ പാദങ്ങൾ ക്ഷാളനം ചെയ്ത് സ്വന്തം ജീവിതം സുഗന്ധപൂർണ്ണമാക്കപ്പെട്ട സ്ത്രീയെപ്പറ്റിയും സുവിശേഷം അടയാളപ്പെടുത്തുന്നുണ്ടല്ലോ (ലൂക്കോസ് 7:36–50). പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകളുടെ ജീവിതത്തെ തന്റെ ഇടപെടലുകൾ കൊണ്ട് ശോഭനമാക്കുന്ന ക്രിസ്തു ദർശനം സുവിശേഷങ്ങളിലെ അലങ്കാര കാഴ്ചകളിൽ മികച്ചതാണ്. തന്നോടൊപ്പം ആയിരിക്കപ്പെടുവാൻ യേശു ക്ഷണിച്ചു കൽപ്പിച്ച് നിയമിച്ചാക്കിയ ശ്ലീഹന്മാർ ഓടിപ്പോകുമ്പോഴും അവനെ മടികൂടാതെ അനുധാവനം ചെയ്യുന്നതും അവന്റെ നിര്യാണത്തിന് മൂകസാക്ഷികൾ ആകുന്നതും സ്ത്രീകൾ തന്നെ. ക്രിസ്തുവിന്റെ ഇഹലോക ജീവിതാവസാനം നേരിൽ സാക്ഷിച്ച് സ്ത്രീകൾ നമുക്ക് നൽകുന്ന പാഠം ഏറെ പ്രസക്തമാണ്.*

**1. കനൽ വഴിയിലെ അനുധാവനം**

യേശുവിന്റെ പരസ്യശുശ്രൂഷാ പന്ഥാവിൽ അവനെ വിടാതെ പിന്തുടർന്ന ജനക്കൂട്ടത്തിൽ സ്ത്രീകളുടെ സഞ്ജയവും ഉണ്ടായിരുന്നു. പല ഘട്ടത്തിലും അവരുടെ സാന്നിധ്യം സുവിശേഷകന്മാർ രേഖപ്പെടുത്തുന്നുമുണ്ട്. യേശുവിന്റെ ജീവിതാവസാനത്തിൽ ന്യായാധിപന്മാരുടെ പരസ്യ വിചാരണയ്ക്ക് ശേഷം ക്രൂശിക്കുവാൻ കൊണ്ടുപോകുന്ന യേശുവിന്റെ രംഗം സുവിശേഷം വിശദീകരിക്കുന്നത്–'ഒരു വലിയ ജനസമൂഹവും അവനെ ചൊല്ലി വിലപിച്ചു മുറയിടുന്ന അനേക സ്ത്രീകളും അവന്റെ പിന്നാലെ ചെന്നു' എന്നാണ് (ലൂക്കോസ് 23: 27). കൂടെ നിൽക്കുവാൻ കെൽപ്പുള്ളവരും നിയോഗിക്കപ്പെട്ടവരും തള്ളിപ്പറഞ്ഞും ഒറ്റിക്കൊടുത്തും ഓടിയകന്നപ്പോൾ അബലകളായ ഒരുപറ്റം സ്ത്രീകൾ അവന്റെ ദുര്യോഗത്തിൽ വിലപിച്ചുകൊണ്ട് കനൽ വഴിയിൽ അവനെ പിന്തുടരുകയാണ്. യേശുവിനു സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെ ദർശിക്കുവാൻ ജനസമൂഹം പിന്തുടരുമ്പോൾ സ്ത്രീകൾ അവനോടുള്ള അഗാധമായ സ്നേഹവാത്സല്യങ്ങൾ മുഖാന്തിരം പിൻപറ്റുന്നു. അവൻ നടക്കുന്ന നീറുന്ന സഹന വഴിയിലും അവരുടെ സ്നേഹ വാത്സല്യങ്ങൾക്ക് കുറവ് വരുന്നില്ല. ഭരണകൂട ഭീകരതയെ ഭയക്കാതെ തങ്ങളുടെ വിലാപത്തെ അവർ ദൈവപുത്രന് മുമ്പിൽ പ്രാർത്ഥനയോടെ സമർപ്പിക്കുകയാണ്. കനൽ വഴിയിലും അവരുടെ സാന്നിധ്യം അവൻ ഒറ്റയ്ക്ക് അല്ല എന്നുള്ള ബോധത്തെ പ്രദാനം ചെയ്യുന്നുണ്ട്. എന്നാൽ അവരുടെ വിലാപക്കടലിനെ യേശു ആശ്വസിപ്പിക്കുന്നത് ഏറെ പ്രസക്തമാണ്.

**2. ശബ്ബത്തിനെ അലങ്കരിക്കുന്ന സ്ത്രീകൾ**

യേശുവിന്റെ പീഡാനുഭവ വഴിയിൽ അവനെ പിൻപറ്റി അവന്റെ മരണത്തെ ദർശിച്ച് ഒടുവിൽ അവന്റെ സംസ്കാരക്രമീകരണങ്ങളിൽ പങ്കാളികളായ സ്ത്രീകൾ പിൻവാങ്ങി പോകുന്നതിന് സുവിശേഷകൻ കുറിച്ചുവെക്കുന്നത്– 'ഗലീലയിൽ നിന്ന് അവനോടുകൂടെ പോകുന്ന സ്ത്രീകളും പിന്നാലെ ചെന്ന് കല്ലറയും അവന്റെ ശരീരവും വെച്ച് വിധവും കണ്ടിട്ട് മടങ്ങിപ്പോയി' എന്നാണ് (ലൂക്കോസ് 23:55). ഗലീലായിൽ നിന്ന് ഏറെ ദൂരം സഞ്ചരിച്ച് ക്രിസ്തുവിനോടൊപ്പം ആയിരുന്നവർ അവന്റെ മരണപര്യന്തം അവനോട് കൂടെ ഉണ്ടായിരുന്നു എന്നുള്ളത് ആ കാലത്തിന്റെ കാലുഷ്യം മനസ്സിലാക്കുമ്പോൾ ശ്രമകരമാണെന്ന് മനസ്സിലാകും. ഇഹലോകവാസം വെടിഞ്ഞ യേശുവിന് അന്തിമോപചാരമർപ്പിച്ചു വീണ്ടും കാണുവാൻ അവന്റെ ശവകുടീരത്തിന്റെ ഭൂപടവും ഭൂരേഖയും മനസ്സിൽ കുറിച്ചിട്ടാണ് അവർ ശബ്ബത്താചരിക്കുവാൻ പ്രവേശിക്കുന്നത്. ജീവിതത്തിലെ വലിയ ദുഃഖങ്ങളിൽ കൂടി കടന്നു പോയിട്ടും അവർ ദൈവനിയോഗത്താൽ നൽകപ്പെട്ടിട്ടുള്ള ശബ്ബത്തിനെ വേണ്ടവിധത്തിലാണ് അവർ ആചരിക്കുന്നത്.

അവർ ശബ്ബത്താചരിച്ചത് കേവലം സ്വസ്ഥമായിരുന്നു മാത്രമല്ല വീണ്ടും അവന് ഉപചാരം സമർപ്പിക്കുന്നതിന് വേണ്ടിയുള്ള സുഗന്ധവർഗങ്ങൾ ഒരുക്കിക്കൊണ്ട് കൂടിയാണ്. പ്രാർത്ഥനാപൂർവ്വമായ ഒരുക്കവും യേശുവിന്റെ സന്നിധിയിൽ എത്തുവാനായിട്ടുള്ള തിടുക്കവുമാണ് അവരുടെ ശരീരഭാഷ വ്യക്തമാക്കുന്നത്

**3. ഉത്ഥാനപുലരിയിലെ സുവിശേഷകർ**

ശബ്ബത്താചരണം പൂർത്തീകരിച്ച് യേശുവിന്റെ കബറിടം ലക്ഷ്യമാക്കി ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതിപ്രഭാതത്തിൽ യാത്ര തിരിക്കുന്ന സ്ത്രീകൾ കാണുന്ന കാഴ്ച അവരെ അതിശയിപ്പിച്ചു. ലോകത്തിൽ പുതിയ സുവിശേഷത്തിന് അവർ വാഹകരാകുന്നു എന്ന കാര്യ ഗൗരവം അവർക്ക് ഇല്ലായിരുന്നു. കല്ലറ വാതിൽക്കൽ അവർ അഭിമുഖീകരിച്ച മിന്നുന്ന വസ്ത്രധാരികളായ രണ്ടു ദൂതന്മാരുടെ വാക്കുകൾ പേറിക്കൊണ്ട് അവർ അതിദൂരം സഞ്ചരിച്ചു. മാലാഖമാരുടെ വാക്കുകൾ ക്രിസ്തുവിന്റെ പുനരുത്ഥാനത്തെപ്പറ്റിയുള്ള അവന്റെ പരാമർശത്തെ അവർ ഓർത്തുപോയി (ലൂക്കോസ് 24:9). എന്നാൽ തങ്ങൾ അഭിമുഖീകരിച്ച സത്യത്തെ ശിഷ്യസമൂഹത്തോട് പങ്കുവെക്കുമ്പോൾ വെറും കഥ പോലെയാണ് അവർക്ക് അത് തോന്നിയതും അതിനാൽ അവർ വിശ്വസിക്കാതിരുന്നത് എന്ന് ലൂക്കോസ് സുവിശേഷകൻ അടയാളപ്പെടുത്തുന്നുണ്ട് (ലൂക്കോസ് 24:11).

ക്രിസ്തുവിന്റെ ജീവിതത്തിലെ ഏറ്റം മഹത്തരമായ ജീവിത സന്ധിയാണ് മരണത്തിൽ നിന്നുള്ള അവന്റെ ഉയർപ്പ്. ദൈവത്തിന്റെ മാഹാത്മ്യവും നിത്യജീവന്റെ പ്രത്യാശയും മനുഷ്യ പുത്രന്റെ ആഗമന ഉദ്ദേശവും ഒക്കെ വെളിവാക്കുന്ന അവന്റെ പുനരുത്ഥാനത്തെ ആദ്യം നോക്കി ക്കാണുവാൻ ഭാഗ്യം സിദ്ധിക്കുന്നത് ആ സ്ത്രീകൾക്കാണ്. വിശേഷപ്പെട്ട ആ സുവിശേഷത്തിന്റെ സുഗന്ധം പേറിക്കൊണ്ട് അവർ ശിഷ്യന്മാർക്കും അതിലൂടെ ലോകമെങ്ങും പകരുമ്പോൾ പുനരുത്ഥാന സുവിശേഷത്തിന്റെ സുഗന്ധവാഹികളായി ആ സ്ത്രീകൾ പരിണമിക്കുന്നു.

തിരുവചനം വായിക്കുമ്പോഴും വിശുദ്ധ വാരത്തിന്റെ ആചരണങ്ങൾ നിർവഹിക്കുമ്പോഴും ഒക്കെ ക്രിസ്തുവിന്റെ ഈ നിലപാടുകളെ മറക്കുവാൻ തരമില്ല. ചില കാര്യങ്ങൾ പിടുത്തം കിട്ടണമെങ്കിൽ കാലുകൊണ്ട് മാത്രം കൂടെ നടന്നാൽ പോരാ മനസ്സുകൊണ്ട് കൂടെ ചേർന്ന് നടക്കണം. അങ്ങനെ നടന്നവരാണ് പുനരുത്ഥാന പുലരിയിലും ഉദ്ധാനത്തിന്റെ സുഗന്ധവാഹികൾ ആകുന്നത്.

# സുറിയാനി ഭാഷ പരിചയം
## മോറാനായ പെരുന്നാൾ പേരുകളിലൂടെ

### സൂബോറൊ (ܣܘܒܪܐ)

സ്ബർ (ܣܒܰܪ) ക്രിയാധാതു (to think) സാബാർ (ܣܰܒܰܪ) എന്നതിലേക്ക് വരുമ്പോഴാണ് അറിയിപ്പ് (to annonce, to declare) എന്നർത്ഥം വരുന്ന സൂബോറൊ ഉണ്ടായിരിക്കുന്നത്.

സബ്റൊ എന്നതിന് പ്രത്യാശ, വിശ്വസ്തത എന്നാണർത്ഥം. സെബ്റൊ എന്നാൽ നിർദ്ദേശം, അഭിപ്രായം (opinion, supposition) 'സൂബോറൊ' (imagination, illusion) എന്ന മോറാനായ പെരുന്നാളിന് വചനിപ്പ് എന്ന് നാം പറയപ്പെടുന്നു. ആരാധനയിൽ വി. ഏവൻഗേലിയോൻ പ്രഘോഷിക്കുമ്പോൾ സ്ബർസോ മഹയോനീസൊ മെൻ ലൂക്കോസ്/മർക്കോസ് (മ്സബറോനോ) എന്ന് പട്ടക്കാരൻ ചൊല്ലുന്നു. ജീവൻ നല്കുന്ന പ്രസം



ഗമായ പ്രസംഗകന്റെ... എന്ന അർത്ഥമാണ് അവിടെ. ദൈവമാതാവിനോടുള്ള മാലാഖയുടെ ദൂത് (അറിയിപ്പ്) ആണ് വചനിപ്പ് പെരുന്നാളിന്റെ പൊരുൾ. ദൈവത്തിന്റെ സന്ദേശം വചനിപ്പായി മാറുന്നു. സക്കറിയിയോടുള്ള അറിയിപ്പ് എന്ന സുവിശേഷ ഭാഗത്തും 'സൂബോറൊ' ആണ് ഉപയോഗിച്ചിരിക്കുന്നത്.

### ക്യൃാതൊ (ܩܝܡܬܐ)

ക്യംതായ്ക്ക് നില്പ് എന്ന് സാധാരണ അർത്ഥം ആണെങ്കിലും ഉയിർപ്പ് എന്ന ആരാധനാ വിവർത്തനം ക്യംതായ്ക്ക് ആദിമുതൽ പരിശുദ്ധ



**ഫാ. ലാസറസ് തോമസ്**
(സെന്റ് ജോർജ് ആശ്രമം,
ചായലോട്)

സഭയിൽ ഉപയോഗിച്ചുവരുന്നു. ഖൂം (ܩܘܡ) എന്ന മൂലപദത്തിന്റെ അർത്ഥം എഴുന്നേൽക്കുക, നിൽക്കുക. സുറിയാനി സഭയിൽ, പ്രത്യേകിച്ച് മലങ്കര സഭയുടെ ഉയിർപ്പ് പെരുന്നാളിൽ രാത്രി നമസ്കാരത്തിന്റെ മൂന്നാം കൗമയുടെ അന്ത്യത്തിൽ വലിയ വെള്ളിയാഴ്ച കബറടക്കിയ വി. സ്ലീബ അണിയിച്ചൊരുക്കി (ചുവന്ന പട്ട് ധരിപ്പിച്ച്) പട്ടക്കാരൻ ഉയിർപ്പ് പ്രഖ്യാപനം നടത്തുന്നത് ഇങ്ങനെയാണ്.

"നമ്മുടെ കർത്താവ് കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റു" (ܩܡ ܡܪܢ ܡܢ ܩܒܪܐ / The Lord rose from the tomb). അപ്പോൾ ജനങ്ങൾ, *സത്യമായും ഞങ്ങൾ വിശ്വസി*ക്കുന്നു എന്ന് പ്രതിവാക്യം ചൊല്ലുന്നു. പൗരാണിക-അപ്പോസ്തോലിക സഭകൾക്കെല്ലാം ഈ പ്രഖ്യാപനം ആരാധനയിൽ നടത്തുന്നു. ഗ്രീക്ക് ഓർത്തഡോക്സ് സഭയിൽ "Christ is risen indeed the is risen" (Χριστός Ανέστη, Αληθώς Ανέστη) എന്ന് ആരാധനകളിലും ഉയിർപ്പ് മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള നാല്പതുദിവസം സാധാരണ അഭിവാദനങ്ങളിലും ഉപയോഗിച്ച് വരുന്നു.

തലീത്ത കൂമി (ܛܠܝܬܐ ܩܘܡܝ) എന്ന വാചകം നമുക്ക് സുപരിചിതമല്ലോ. യേശു തമ്പുരാൻ, മരിച്ച പെൺകുട്ടിയെ വിളിച്ച് എഴുന്നേൽപ്പിക്കുന്നതും കൂമി എന്ന പ്രയോഗത്തോടെയാണ്. കൗമ എന്ന വാക്കിന് 'നിൽപ്പ്' എന്നർത്ഥമാക്കുന്നു. ഇതൊരു വെറും നിൽപ്പ് അല്ല, സ്ഥിരതയും വിശ്രമമില്ലാത്തതും അവസാനമില്ലാത്തതുമായ ആത്മീയതയുടെ സ്ഥായിയായ നിൽപ്പാകണം.

### സൗമൊ (ܨܘܡܐ)

സൗമൊ എന്ന സുറിയാനി പദത്തിന് നോമ്പ്,

ഉപവാസം (fast abstain) എന്നീ അർത്ഥങ്ങൾ നൽകിപോരുന്നു. സൗമൊ എന്നൊരു വാക്കിൽ തന്നെ എല്ലായിപ്പോഴും അർത്ഥം പൂർത്തിയാകുമെങ്കിലും മറ്റു ഭാഷകളിൽ നോമ്പ്, ഉപവാസം, വർജ്ജന എല്ലാം വ്യത്യസ്ത തലങ്ങളിൽ തന്നെയാണ് പ്രയോഗിക്കുക. കാനോനികമായി അഞ്ചു നോമ്പുകൾ നാം അനുഷ്ഠിക്കുമ്പോഴും അതിന്റെ ദൈർഘ്യം, സഭയുടെ ഉപയോഗത്തിനും ദൈവജനത്തിന്റെ ആസ്വാദനത്തിനുമായി ആരംഭത്തിൽ ഉണ്ടായിരുന്നതിൽ നിന്നും വ്യത്യ സ്തമാണ്. ബുധൻ, വെള്ളി ദിവസങ്ങളിലെ ഉപവാസത്തെക്കുറിച്ച് ഇന്ന് പരിശുദ്ധ സഭയിൽ വിസ്മൃതിയിലാണ്ട് പോയിക്കഴിഞ്ഞിരിക്കുന്നു എന്ന് തന്നെ പറയാം. ശ്ലീഹന്മാരുടെ കാനോനുകൾ പരിശോധിക്കുമ്പോൾ നോമ്പുകളുടെ പ്രാധാന്യം, അതിന്റെ കൃത്യനിർവഹണം എന്നിവ എത്രത്തോളം ആത്മീയ ജീവിതത്തിൽ വിലപ്പെട്ടത് ആണെന്ന് മനസ്സിലാകും. മോറാനായ (കർത്താവിന്റെ) ദിവസങ്ങൾ, ഞായറാഴ്ചകൾ, അറിയിപ്പിന്റെ ശനിയാഴ്ച ഒഴികെയുള്ള മറ്റ് ശനിയാഴ്ചകൾ എന്നിവയിൽ ഉപവാസം അരുത്. സന്യാസ ജീവിതത്തിൽ അമിതമായ ആത്മീകൻ ആണെന്നുള്ള ഭാവത്തിൽ ഞായറാഴ്ച ഉപവസിച്ചാൽ മുടക്കണം അഥവാ ശപിക്കപ്പെടണം. ഉപവാസം സന്ധ്യവരെയാണ് പരിഗണിക്കുക. മുട്ട, പാൽ, പാൽക്കട്ടി, മത്സ്യം, മാംസം, വീഞ്ഞ് എന്നിവ പ്രതിപാദ്യ ഭക്ഷണമായി കാനോനുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും അമിത ഭക്ഷണവും മറ്റു ഭൗതിക ആഗ്രഹങ്ങളും ആത്മീയതയ്ക്ക് അനുസരിച്ച് വർജ്ജിക്കേണ്ടതാണ്. നോമ്പുകളുടെ സാമ്യ പൂർത്തീകരണം ആദിയായവ ഹൃദയ കാനോനിൽ വിശദമായി നൽകിയിട്ടുണ്ട്. സ്വന്ത ഇഷ്ടത്താലല്ലാതെ നിർബന്ധം മൂലം നോമ്പ് നോക്കുന്നതിൽ എന്ത് പ്രതിഫലം എന്നുള്ളത് ശ്രദ്ധേയമായ സൂചനയാണ് കാനോൻ പ്രസ്താവിക്കുന്നത്. സൂം എന്നുള്ള ക്രിയാധാതുവിൽ നിന്നുമാണ് 'സൗമൊ' ഉരുത്തിരിയുന്നത്.

## കുവൈറ്റ് സോണൽ യുവജനപ്രസ്ഥാനം കുടുംബസംഗമം




*കുവൈറ്റ്: കൽക്കട്ട ഭദ്രാസനത്തിലെ കുവൈറ്റ് സോണൽ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച രണ്ടാമത് കുടുംബ സംഗമത്തിന്റെ ഉത്ഘാടനം കുവൈറ്റ് സോണൽ പ്രസിഡന്റും സെന്റ് ബേസിൽ ഇടവക വികാരിയും ആയ ഫാ. അജു. കെ. വർഗീസ്, സെന്റ് സ്റ്റീഫൻസ് ഇടവക വികാരി ഫാ. ജെഫിൻ വർഗീസ് ചേർന്ന് ഭദ്രദീപം തെളിയിച്ച് നിർവഹിച്ചു. മോട്ടിവേഷൻ സ്പീക്കറും സോണൽ സൺഡേസ്കൂൾ ഇൻസ്പെക്ടർ കൂടി ആയ ഷിബു അലക്സ് മുഖ്യപ്രഭാഷണം നടത്തി. ഫാ. ഡോ. ബിജു ജോർജ് പാറക്കൽ, സോണൽ സെക്രട്ടറി ജോമോൻ ജോർജ് കോട്ടവിള, ജിനു എബ്രഹാം വർഗീസ്, സഭാ മാനേജിങ് കമ്മറ്റി അംഗങ്ങളായ തോമസ് കുരുവിള, പോൾ വർഗീസ്, ദദ്രാസന കൗൺസിൽ അംഗം ദീപക് അലക്സ് പണിക്കർ, ഭദ്രാസന അസംബ്ലി അംഗം അനു ഷെൽവി, കൺവീനർ ലിജോ ജോൺ കോശി, സോണൽ ട്രഷറാർ റോഷൻ സാം മാത്യു, ബിജോ ദാനിയേൽ എന്നിവർ ചടങ്ങിൽ നേതൃത്വം വഹിച്ചു.*

## രണ്ടാമത് ക്രിക്കറ്റ് ടൂർണമെന്റ്



യുവജനപ്രസ്ഥാനം കുവൈറ്റ് മേഖലയുടെ നേതൃത്വത്തിൽ യൂണിറ്റുകൾക്കായി സാൽമിയ ബോളിവാർഡ് പാർക്ക് ക്രിക്കറ്റ് ഗ്രൗണ്ടിൽ നടത്തിയ ക്രിക്കറ്റ് ടൂർണമെന്റിൽ സെന്റ് ബേസിൽ യുവജനപ്രസ്ഥാനം ടീം വിജയികളായി. സെന്റ് തോമസ് പഴയ പള്ളി ടീം റണ്ണർ അപ്പ് ആയി. കുവൈറ്റ് സോണൽ പ്രസിഡന്റ് ഫാ. അജു കെ. വർഗീസ് അധ്യക്ഷത വഹിച്ച ടൂർണമെന്റ്, ഫാ.ഡോ. ബിജു ജോർജ് പാറക്കൽ ഉദ്ഘാടനം നിർവഹിച്ചു. ഫാ.എബ്രഹാം പി. ജെ., ഫാ. മാത്യു തോമസ്, സഭ മാനേജിംഗ് കമ്മറ്റി അംഗം പോൾ വർഗീസ്, ഭദ്രാസന കൗൺസിൽ അംഗം ദീപക് അലക്സ് പണിക്കർ, ബിനീഷ് കുര്യൻ, അനീഷ് മത്തായി, ജിനു എബ്രഹാം വർഗീസ്, റോഷൻ സാം മാത്യു, അനു ഷെൽവി, ഷൈൻ ജോസഫ് സാം, ജോമോൻ ജോർജ്ജ് കോട്ടവിള എന്നിവർ നേതൃത്വം നല്കി.

# രക്ഷകർത്തൃ മർമ്മവും ധാർമിക സംഹിതകളും
## ബൈബിൾ പശ്ചാത്തലത്തിൽ





**ഫാ.ബെഞ്ചമിൻ OIC**
ബഥനി ആശ്രമം, റാന്നി- പെരുനാട്

**ര**ക്ഷകർതൃത്വം എന്നത് ഒരു വലിയ ഉത്തരവാദിത്തമാണ്. കുട്ടികളെ വളർത്തുക, അവരെ നല്ല മനുഷ്യരാക്കുക, അവരുടെ ഭാവി സുരക്ഷിതമാക്കുക എന്നിവയാണ് രക്ഷകർത്താക്കളുടെ പ്രധാന കടമകൾ. എന്നാൽ, ഇന്നത്തെ കാലഘട്ടത്തിൽ മാതാപിതാക്കൾക്ക് നിരവധി വെല്ലുവിളികൾ നേരിടേണ്ടി വരുന്നു. ക്രൈസ്തവ ദർശനത്തിൻ വിശുദ്ധ വേദപുസ്തകത്തിൻ നാം മാതൃകാപരമായ ചില മാതാപിതാക്കളെ കാണുന്നുണ്ട്. അവരിൽ വിജയിച്ചവരും പരാജിതരുമുണ്ട്. അവർ മക്കളെ വളർത്തുന്ന രീതിയും സമീപനവും വിജയ-പരാജയങ്ങളെ നിർണയിക്കുന്നു.

**1 ആദവും ഹൗവയും**

ആദ്യത്തെ മനുഷ്യരായ ആദവും ഹവ്വയും തങ്ങളുടെ മക്കളായ കായീനെയും ഹാബേലിനെയും വളർത്തുന്നതിൽ പരാജയപ്പെട്ടു. കായീൻ ഹാബേലിനെ കൊന്നത് അവരുടെ പരാജയത്തിന്റെ പ്രതിഫലനമായിരുന്നു.

**2 അബ്രഹാമും സാറയും**

അബ്രഹാമും സാറയും അവരുടെ മകനായ ഇസഹാക്കിനെ വളർത്തുന്നതിൽ വിജയിച്ചു. അവനെ അവർ ദൈവത്തിന്റെ വഴി അഭ്യസിപ്പിച്ചു.

**3 യാക്കോബും ഹന്നയും**

യാക്കോബും ഹന്നയും അവരുടെ മകനായ ശമുവേലിനെ വളർത്തുന്നതിൽ വിജയിച്ചു. ബാല്യത്തിലും തുടർ ജീവിതത്തിലും അനുസരണവും ദൈവഭക്തിയും ശമുവേൽ ശ്രേഷ്ഠത പ്രാപിച്ചു.

**4 മറിയമും യൗസേഫും**

മറിയയും യൗസേഫും മകനായ യേശുവിനെ നിഷ്ഠയിലും ഭക്തിയും വളരാനുള്ള സാഹചര്യങ്ങൾ ഒരുക്കി.

വേദപുസ്തകത്തിൽ പറയപ്പെടുന്ന മാതാപിതാക്കളുടെ മാതൃക നമുക്ക് പഠിക്കാനും അറിയാനും കഴിയണം. അതോടൊപ്പം ആദാമും ഹവ്വയും പോലുള്ള മാതാപിതാക്കളുടെ പരാജയങ്ങൾ എന്തായിരുന്നുയെന്നും മനസിലാക്കണം. വേദപുസ്തകത്തിൽ മാതൃകയായ മാതാപിതാക്കളുടെ ശൈലികൾ ഇന്നത്തെ മാതാപിതാക്കൾക്ക് അനുകരണീയമാണ് എന്നതാണ് ധാർമികമായ വശം. കുട്ടികളോട് അവരുടെ ഉത്തരവാദിത്തം അവരുടെ ജീവിത ശൈലിയാൽ നമുക്ക് വിചിന്തനം ചെയ്യാൻ കഴിയും.

1. അവർ മക്കളെ ദൈവത്തിന്റെ വഴി പഠിപ്പിക്കുകയും കാണിക്കുകയും ചെയ്തു.
2. കുഞ്ഞുങ്ങളെ സ്നേഹവും കരുണയും കാണിച്ച് പഠിപ്പിച്ചിരുന്നു.
3. കുഞ്ഞുങ്ങൾക്ക് അവർ നല്ല മാതൃകയായിരുന്നു.
4. ക്ഷമയും സഹിഷ്ണുതയും താങ്കളുടെ കുഞ്ഞുങ്ങളെ മനസിലാക്കി കൊടുത്തു.
5. മക്കൾക്ക് വേണ്ടി അവർ നിരന്തരം പ്രാർത്ഥിച്ചിരുന്നു.

ബൈബിളിലെ മാതാപിതാക്കളുടെ മാത്രമുള്ള മാതൃകകൾ ഇന്നത്തെ മാതാപിതാക്കൾക്ക് ഒരു വിലപ്പെട്ട മാർഗ്ഗദർശിയാണ്. അവരുടെ കഥ

കൾ പഠിച്ച്, അവരുടെ അനുഭവങ്ങളിൽ നിന്ന് പഠിച്ച്, നമുക്ക് നമ്മുടെ കുട്ടികളെ നല്ല മനുഷ്യരാക്കി വളർത്താൻ കഴിയും. ബൈബിളിലെ മാതാപിതാക്കളുടെ മാതൃക നമുക്ക് നൽകുന്ന സന്ദേശം വളരെ വ്യക്തമാണ്: മാതാപിതാക്കൾ അവരുടെ കുട്ടികളെ ദൈവത്തിന്റെ വഴിയിൽ നടത്തണം, അവരെ സ്നേഹിക്കുകയും കരുണ കാണിക്കുകയും വേണം, അവർക്ക് നല്ല മാതൃക കാണിക്കണം, അവരോട് ക്ഷമയും സഹിഷ്ണുതയും പുലർത്തണം, അവർക്ക് വേണ്ടി പ്രാർത്ഥിക്കണം.

എന്നിരുന്നാലും, ഇന്നത്തെ കാലഘട്ടത്തിൽ മാതാപിതാക്കൾ നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. സാമൂഹിക മാധ്യമങ്ങളുടെ സ്വാധീനം, ധാർമ്മിക മൂല്യങ്ങളുടെ തകർച്ച, കുട്ടികളുടെ മാനസികാരോഗ്യം എന്നിവയാണ് പ്രധാന വെല്ലുവിളികൾ.

**പ്രധാന വെല്ലുവിളികൾ**

*സാമൂഹിക മാധ്യമങ്ങളുടെ സ്വാധീനം*

സാമൂഹിക മാധ്യമങ്ങൾ കുട്ടികളുടെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തുന്നു. അവർക്ക് തെറ്റായ മൂല്യങ്ങളും ആശയങ്ങളും പകർത്താൻ സാധ്യതയുണ്ട്.

*ധാർമ്മിക മൂല്യങ്ങളുടെ തകർച്ച*

ഇന്നത്തെ കാലഘട്ടത്തിൽ ധാർമ്മിക മൂല്യങ്ങൾക്ക് വില കുറയുന്നു. കുട്ടികൾക്ക് നല്ല മൂല്യങ്ങൾ പഠിപ്പിക്കേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്തമാണ്.

*കുട്ടികളുടെ മാനസികാരോഗ്യം*

കുട്ടികളുടെ മാനസികാരോഗ്യം ഒരു പ്രധാന ആശങ്കയാണ്. അവർക്ക് സമ്മർദ്ദവും ഉത്കണ്ഠയും അനുഭവപ്പെടാം.

**പരിഹാരങ്ങൾ**

*മാതാപിതാക്കളുടെ പങ്കാളിത്തം*

മാതാപിതാക്കൾ കുട്ടികളുടെ ജീവിതത്തിൽ സജീവമായി പങ്കെടുക്കണം. അവരുമായി സംസാരിക്കുകയും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും വേണം.

*ധാർമ്മിക മൂല്യങ്ങൾ പഠിപ്പിക്കുക*

കുട്ടികൾക്ക് നല്ല മൂല്യങ്ങൾ പഠിപ്പിക്കേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്തമാണ്. അവരെ സത്യസന്ധത, ദയ, ബഹുമാനം എന്നിവ പഠിപ്പിക്കുക.

*മാനസികാരോഗ്യത്തെ പരിപാലിക്കുക*

കുട്ടികളുടെ മാനസികാരോഗ്യം പരിപാലിക്കേണ്ടത് പ്രധാനമാണ്. അവരെ സമ്മർദ്ദത്തിൽ നിന്നും ഉത്കണ്ഠയിൽ നിന്നും മോചിപ്പിക്കുക.

ഈ വെല്ലുവിളികളെ നേരിടാൻ മാതാപിതാക്കൾക്ക് സാധ്യമായി തീരുന്നിടത്ത് ബൈബിളിലെ മാതൃകയായ മാതാപിതാക്കളെ പോലെ തലമുറകളെ വാർത്തെടുക്കുവാൻ ഇന്നിന്റെ മാതാപിതാക്കൾക്ക് സാധ്യമാകും.

## ചെങ്ങന്നൂർ ഡിസ്ട്രിക്ട് നോമ്പുകാല ധ്യാനം



*ചെങ്ങന്നൂർ : ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ചെങ്ങന്നൂർ ഡിസ്ട്രിക്ട് നോമ്പുകാല ധ്യാനം പെണ്ണുക്കര സെന്റ് ജോർജ് ചാപ്പൽ വച്ച് നടത്തപ്പെട്ടു. വികാരി ഫാ. കോരുത് ചെറിയാൻ ആമുഖ സന്ദേശം നൽകി. പ്രകാശഗിരി സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് വികാരി ഫാ. ഒബിൻ ജോസഫ് പ്രബോധന ശുശ്രൂഷ നിർവഹിച്ചു. ഭദ്രാസന ജോയിന്റ് സെക്രട്ടറി ജൊഹാൻ ജോസഫ്, ഓർഗനൈസർ ബ്ലസൻ എം. യോഹന്നാൻ, ഭദ്രാസന കമ്മറ്റിയംഗം ഗ്രിഗോറിയോസ് ജേക്കബ്, എബ്രഹാം മാത്യു, സാമുവൽ കുര്യൻ, ആൽബിൻ ബാബു എന്നിവർ സംസാരിച്ചു.*



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം വനിതാ ദിനത്തോട് അനുബന്ധിച്ച് ബ്രഹ്മവാർ ഭദ്രാസന കമ്മറ്റിയുടെ നേതൃത്വത്തിൽ സമൂഹത്തിലെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന വനിതകളെ സന്ദർശിച്ച് ആശംസകൾ നേർന്നു.

# അഗാപ്പെ പാരിഷ് മിഷൻ ഉദ്ഘാടനം

കൊല്ലം : മെത്രാസന യുവജനപ്രസ്ഥാനം യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അന്തമൺ സെഹിയോൻ സെന്റ് ജോർജ് ദൈവാലയത്തിൽ വച്ച് 'അഗാപ്പെ' പാരിഷ് മിഷൻ ഉദ്ഘാടനവും, ഭവനസന്ദർശനവും, നോമ്പുകാല കോർണർ മീറ്റിംഗും, കീർത്തന സന്ധ്യയും, വനിതാദിന ആദരവും സംഘടിപ്പിച്ചു. വികാരി ഫാ. ജെയിംസ് തഞ്ചക്കുളം, മെത്രാസന വൈസ് പ്രസിഡന്റ് ഫാ.മാ



ത്യു പി. ജോർജ്, ഫാ പ്രവീൺ സാം പണിക്കർ, ഫാ ജിനു ശാമുവേൽ, ഫാ.അനൂപ് എബ്രഹാം, ഫിലിം അസോസിയേറ്റ് ഡയറക്ടർ റെനിറ്റ് രാജ്, മെത്രാസന സെക്രട്ടറി ലിജു തോമസ്, ട്രഷറർ സന്തോഷ് തോമസ്, ട്രസ്റ്റി ഷേർലി, സെക്രട്ടറി സ്റ്റാർലി, ജോയിന്റ് സെക്രട്ടറിമാരായ ഏബൽ റ്റി ജോസ്, ജിൻസി ബാബു, ജോസ് എൽ, ബിബിൻ ബേബി, ജെസ്ന ജോൺസൻ, ലിജോ യോഹന്നാൻ, ജെറിൻ ബാബു ജേക്കബ്, മനൂപ് യോഹന്നാൻ, ജെഫിൻ ജോസ്, സോനു ജോർജ്, ജിബി മനോജ്, ജോബിൻ വർഗീസ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

# കുവൈറ്റ് സോൺ പ്രവാസി സെൽ

*കുവൈറ്റ്: യുവജനപ്രസ്ഥാനം കൽക്കട്ട ഭദ്രാസനത്തിലെ കുവൈറ്റ് സോണലിന്റെ നേതൃത്വത്തിൽ പ്രവാസി സെൽ ഉദ്ഘാടനം കൊച്ചി ഭദ്രാസനാധിപൻ അഭി. ഡോ. യാക്കോബ് മാർ ഐറോനിയോസ് മെത്രാപ്പോലിത്തായും കൽക്കട്ട ഭദ്രാസനാധിപൻ അഭി. അലക്സിയോസ് മാർ യൗസേബി യോസ് മെത്രാപ്പോലിത്തായും ചേർന്ന് നിർവഹിച്ചു. യുവാക്കൾ സഭയുടെ നട്ടെല്ല് ആണെന്നും പരമാവധി യുവാക്കളെ പ്രസ്ഥാനത്തോട് ചേർത്ത് നിർത്തണമെന്നും അഭിവന്ദ്യ പിതാക്കന്മാർ ഉത്ബോദിപ്പിച്ചു. സോണൽ പ്രസിഡന്റ് ഫാ. അജു കെ. വർഗീസ് അധ്യക്ഷത വഹിച്ചു. ഫാ. മാത്യു തോമസ്, ജിനു എബ്രഹാം വർഗീസ്, അനു ഷെൽവി, ബിജോ ദാനിയേൽ, റോഷൻ*



*സാം മാത്യു അനി ബിനു, ഷൈൻ ജോസഫ് സാം, ജോമോൻ ജോർജ് കോട്ടവിള, ദീപക് അലക്സ് പണിക്കർ എന്നിവർ പ്രസംഗിച്ചു.*

# പരിശുദ്ധമായ നോമ്പിന്റെ നന്മയുടെ അമ്പത് നാളുകൾ...



**50 ദിവസത്തെ നോമ്പുകാലം അഥവാ വലിയ നോമ്പ് പ്രധാനമായും ഒറിയന്റൽ ഓർത്തഡോക്സ് പാരമ്പര്യങ്ങളിൽ ആചരിക്കപ്പെടുന്നു ഈസ്റ്ററിന് മുമ്പുള്ള 7 ആഴ്ചകളായി ഉപവാസം, പ്രാർത്ഥന, മാനസാന്തരം, കുമ്പസാരം എന്നിവയ്ക്കായി നിശ്ചയിച്ചിരിക്കുന്ന കാലയളവാണ്. വിശുദ്ധവാരം അഥവാ കഷ്ടാനുഭവ ആഴ്ച കൊണ്ട് ഇത് സമാപിക്കുന്നു. ക്രിസ്തുവിന്റെ പീഡാനുഭവത്തെ ആഴത്തിൽ ചിന്തിച്ചുകൊണ്ട് ആത്മീയമായി തയ്യാറെടുപ്പിനുള്ള ഒരു കാലഘട്ടമായാണ് ഇത് കണക്കാക്കുന്നത്.**

**വലിയ നോയമ്പ് കേവലം ആഹാരം ഉപേക്ഷിക്കൽ അല്ല മറിച്ച് മനസ്സിനെയും ശരീരത്തെയും വിശുദ്ധീകരിച്ച് ദൈവത്തിങ്കലേക്കും സഹജീവികളിലേക്കും എത്തിച്ചേരുന്ന ആത്മീയ നവീകരണ കാലമാണ് പാവങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുവാനും അവരുടെ വിശപ്പും ദാഹവും മനസ്സിലാക്കി പങ്കുവെക്കൽ കരുണയുടെയും കരുണയുടെയും മാർഗം സ്വീകരിക്കുവാനും ഈ നാളുകൾ നമ്മെ സഹായിക്കട്ടെ**



**റോബിൻ ജോ വർഗീസ്**
പബ്ലീഷർ

THE INTERIOR

COMPANY

Interiors, In Every Detail

Turnkey • Modular • Design

90 74 30 70 10





**THE NEW INDIA ASSURANCE CO. LTD**

India's Premier Multinational General Insurance Company

**PORTAL OFFICE**

Adoor, Pathanamthitta, Kollam

+91 8547281797

Leadership and beyond




Printed & Published by H.G.Dr.Geevarghese Mar Yulios Metropolitan, on behalf of President, Orthodox Christian Youth Movement, St. Thomas Bhavan, Kottayam
Layout & Printed at : Peediakkal Printers,Thiruvalla Phone : 94958 37117 Cheif Editor : Fr.Luke Babu, Publisher : Robin Jo Varghese.
Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997